# ശാംഭവി

ത്രൈമാസിക

പുസ്തകം 5 | ഒക്ടോബർ – ഡിസംബർ 2016 | ലക്കം 4



# പത്രാധിപക്കുറിപ്പ്

വ്യക്തികളുടെ മനഃസമാധനമില്ലായ്മയാണ് ലോകത്തിന്റെ മുഴുവൻ മനഃസമാധാനമല്ലായ്മക്കും കാരണം. തർക്കങ്ങളോ പിണക്കങ്ങളോ കാരണം ഉണ്ടായ വ്യക്തിഗതമായ മനസ്സിലെ അസ്വാസ്ഥ്യം അയാളുടെ തൊഴിൽമേഖലയിൽ പ്രകടമാകും. വ്യക്തികളുടെ മനഃസമാധാനമാണ് ലോകസമാധാനത്തിന് പ്രധാനം. വ്യക്തികളുടെ മാനസികമായ ഉയർച്ച അഥവാ വികാസമാണ് മനസ്സമാധാനത്തിനുള്ള പരിഹാരമാർഗ്ഗം.

ഉദാഹരണമായി ശ്രീരാമചന്ദ്രൻ മറ്റു ദേവന്മാരിൽനിന്ന് വ്യത്യസ്തമായി ഇതുപോലെയൊന്നുമാകരുത് എന്നാണ് നമ്മളെ പഠിപ്പിച്ചതെന്ന് മേല്പത്തൂർ നാരായണഭട്ടതിരി പറയുന്നുമുണ്ട്. മനുഷ്യന് ആസക്തിയാകാം. അത് സഹജമാണ്. എന്നാൽ ഒന്നിലും അത്യാസക്തിയാകരുത്. സത്യം ധർമ്മം നീതി എന്നിവകളിൽ പോലും. ധർമ്മത്തിലുള്ള അത്യാസക്തിനിമിത്തം നിരപരാധിയെ ശ്രീരാമന് ശിക്ഷിക്കേണ്ടിവന്നു. സീതാദേവിയെ കാട്ടിലേയ്ക്ക് പറഞ്ഞയച്ചു. കാമത്തിൽ (ആഗ്രഹം) അത്യാസക്തി നിമിത്തം വിരഹദുഃഖം അനുഭവിച്ചു. ശ്രീരാമന്റെ സീതാവിരഹം പ്രസിദ്ധമാണല്ലോ. നമ്മുടെ ജീവിതത്തിലെ ഏതു മേഖലകളിലും കുടുംബജീവിതത്തിലും ഈ അത്യാസക്തി ഒഴിവാക്കിയാൽ ജീവിതം ആനന്ദപ്രദമാക്കാം. നിയമവിരുദ്ധമായ പല പ്രവൃത്തികളും നിരവധി ജീവനുകളെ രക്ഷിച്ചിട്ടുണ്ട് എന്ന് ലോകം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ഭാര്യാഭർത്താക്കന്മാരും ഇത് ശ്രദ്ധിക്കണം.

അങ്ങനെ നോക്കുമ്പോൾ നമ്മുടെ പ്രവൃത്തികളോടുള്ള മനോഭാവമാണ് മാനസികമായ ഉയർച്ചയുടെയും വികാസത്തിന്റെയും കാരണം. പ്രവൃത്തിയോട് വിമുഖത പാടില്ല. അതേസമയം പ്രവൃത്തിയോട് മമതയും പാടില്ല. ഒരു ട്രസ്റ്റിയായി സ്വയം കരുതി ജീവിക്കുക. എല്ലാം സ്വന്തമായി ഉണ്ടെങ്കിലും ഇതെല്ലാം നോക്കി നടത്താൻ ഈശ്വരൻ തന്ന ഒരു നിയോഗമാണ് എന്റെ ജീവിതം എന്ന തരത്തിലുള്ള ഒരു ട്രസ്റ്റിയുടെ നിലയിലേയ്ക്ക് ഉയരനാണ് ഏത് ഈശ്വരാവതാരവും ഈശ്വരകഥകളും നമ്മളെ പഠിപ്പിക്കുന്നത്.

പുസ്തകം 5 ലക്കം 20
ഒക്ടോബർ - ഡിസംബർ 2016

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. അംബികാത്രിശതീ

2

2. സംസ്കൃതപഠനം - 28

11

3. ഔഷധസസ്യങ്ങൾ - 15
ചെറുനാരകം

16

4. കുട്ടികളുടെ വാല്മീകി രാമായണം - 9

17

5. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 19

19

6. തന്ത്രശാസ്ത്രം : ഒരവലോകനം

25

7. ചണ്ഡീരഹസ്യം
(ശ്രീ നീലകണ്ഠദീക്ഷിതവിരചിതം)

25

8. ഭഗവദ്ഗീത - ഒരു പുനർവായന - 8

31

# അംബികാത്രിശതീ

സമ്പാദക : അപർണ്ണാദേവി എ.

തവ പാദജലരേണുസ്പർശനസംജാതവൈഭവാ മനുജാഃ
ധിക്കൃതനാകേശപദാസ്ത്വവ സാരൂപ്യാദിസമ്പദുല്ലസിതാഃ. 102

ഹേ ദേവ! ദേവിയുടെ പാദങ്ങൾ ദേവേന്ദ്രപാദങ്ങളെപ്പോലും പിന്തള്ളിയിട്ടുള്ളതാകുന്നു. അങ്ങനെയുള്ള ഭവതിയുടെ പാദകമലങ്ങളിലെ പൊടിയുടെ സ്പർശത്താലുണ്ടായ വൈഭവത്തോടുകൂടിയവരാണ് മനുഷ്യർ. അതുകൊണ്ടുതന്നെ സാരൂപ്യം സാലോക്യം തുടങ്ങിയ സമ്പത്തുക്കളാൽ അത്യധികം ശോഭിക്കുന്നവരായി മനുഷ്യർ ഭവിക്കുന്നു.

ജനനി തവാലകരത്നപ്രഭാപ്രരോഹൈർഗിരീശശിരസി കലാ
ചാന്ദ്രമസീ സാ ഭജതേ ജപാപ്രഭാലേപനം രമ്യം. 103

അമ്മേ! ശിവശിരസ്സിലെ ആ ചന്ദ്രക്കല ദേവിയുടെ കുറുനിരയിലുള്ള രത്നശോഭയാൽ ചെമ്പരത്തിക്കാന്തിയാർന്ന് രമണീയമായി തീർന്നിരിക്കുന്നു.

കാഞ്ച്യാം വാ കൈലാസേ മേരൗ വാ ഭക്തമാനസാംഭോജേ
പരമശിവവാമഭാഗേ രാജതി കാലേ/ംബികാ ഖ്യാതാ. 104

അംബികാദേവി കാഞ്ചിയിലും കൈലാസത്തിലും മേരുവിലും ഭക്തജനമനസ്സിലും ശിവന്റെ വാമഭാഗത്തിലും ശോഭിക്കുന്നതായി പ്രസിദ്ധിയുണ്ട്.

ധ്യാനപരീവാഹാങ്കുരകലിതം തേ കുസുമകോമളം ഹി വപുഃ
യോഗിഹൃദയാംബുജാന്തർജനനി വിഭാതി സ്ഫുടാകാരം. 105

ഹേ ജനനി! ധ്യാനത്തിൽ കാണപ്പെടുന്ന അങ്ങയുടെ പുഷ്പംപോലെ കോമളമായ ശരീരം യോഗിമാരുടെ താമരസദൃശമായ മനസ്സിൽ വളരെ വ്യക്തമായി ശോഭിക്കുന്നു.

യേഷാമഞ്ജലികലികാലസിതം കരയുഗമിദം കാലേ
ന പ്രേരയതി കൃതാന്തോ നിജദൂതാൻ തേഷ്ഠ തേ പരം ഗുരവഃ. 106

ആരെല്ലാമാണോ തൊഴുകൈകളോടെ ദേവിയെ കുമ്പിടുന്നത് അവ

രുടെ നേർക്ക് യമൻ സ്വന്തം ദൂതന്മാരെ പറഞ്ഞയയ്ക്കുകയില്ല. അവരാണ് ഗുരുക്കന്മാർ.

കാരുണ്യാകുലിതഹൃദാ തയാംബയാ ഭക്തപാപാളിഃ
ന ഹി ഗണ്യതേ ഗിരീശോ/പ്യസ്മിൻ സതതം കൃതപ്രസാദശ്ച. 107

ദേവിയുടെ കരുണാർദ്രമായ മനസ്സ് ഭക്തന്റെ പാപത്തെ അകറ്റുന്നു. അഥവാ അത് ദേവി പരിഗണിയ്ക്കുന്നതേയില്ല. ആ ഭക്തനിൽ ശിവപ്രസാദവും ഉണ്ടാകും.

ജഗതഃ പിതരാവേതൗ രക്ഷാഹേതോർനിജാങ്ഘ്രിഭക്താനാം
രാജത ഇഹ ബഹുരൂപൌ ജനദൃക്ദൃശ്യൌ ച ദേവവന്ദ്യൌ ച. 108

ഇവിടെ ജഗത്തിന്റെ അച്ഛനമ്മമാരും പല രൂപത്തിൽ അവതരിയ്ക്കുന്നവരും ജനങ്ങളുടെ കണ്ണും കാഴ്ചയും (ആത്മാവും പ്രപഞ്ചവും) ദേവന്മാരാൽ വന്ദ്യരുമായ ശിവപാർവ്വതിമാർ സ്വന്തം കാലിണകളെ പ്രാപിച്ച ഭക്തന്മാരുടെ രക്ഷയ്ക്കുവേണ്ടി വിരാജിയ്ക്കുന്നു.

സാ ഭഗവതീ പുരസ്താദാസ്താം നഃ ശാങ്കരീ ജനനീ
യദ്വീക്ഷാലവഹീനാഃ പീഡ്യന്തേ തപ്തഗാത്രാശ്ച 109

യാതൊരു ദേവിയുടെ ദർശനത്തിനുവേണ്ടിയാണോ ശരീരത്തെ പീഡിപ്പിക്കുന്ന തരത്തിലുള്ള തപസ്സനുഷ്ഠിക്കുന്നത് അമ്മയും ശാങ്കരിയുമായ ആ ഭഗവതി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടട്ടെ.

ജാതപരാക്രമകലികാ ദിശി ദിശി കിന്നരസുഗീതനിജയശസഃ
ധന്യാ ഭാന്തി ഹി മനുജാ യദ്വീക്ഷാലവവിശേഷതഃ കാലേ 110

ഓരോ ദിക്കിലും കിന്നരവർഗ്ഗത്താൽ ദേവിയുടെ യശസ്സ് പാടി പുകഴ്ത്തപ്പെട്ടു. പരാക്രമം എന്ന ഗുണത്തിന്റെ മൊട്ടായ ദേവിയുടെ ദർശനത്താൽ മനുഷ്യർ അതതു കാലം ധന്യരായി ഭവിയ്ക്കുന്നു.

വാചാം സനാതനീനാം വിശ്രാന്തിസ്ഥാനകം ഹി യത് സ്ഥാനം
കരുണാപാലിതലോകത്രിതയം തദ് ഭാതി സുകൃതിഹൃദയതടേ. 111

എന്നെന്നും വിശ്രമസ്ഥാനമായിട്ടുള്ളതും മൂന്നു ലോകങ്ങളെ കരുണയാൽ പാലിക്കുന്നവളുമായ ദേവി സുകൃതം ചെയ്തവരുടെ മനോമുകുരത്തിൽ ശോഭിക്കുന്നു.

ശ്രുതിമൗലിഭൂഷണം തേ പദാരവിന്ദം ജനഃ കാലേ
ഭക്ത്യാ പ്രണമ്യ ബഹുജനനഗരേ സിംഹാസനേ ലസതി. 112

വേദങ്ങളുടെ ശിരസ്സിലെ ഭൂഷണമായിട്ടുള്ള ദേവിയുടെ കാലിണകൾ ജനങ്ങൾ ഭക്തിപൂർവ്വം പ്രണമിക്കുന്നു. എന്നിട്ടവ ഭക്തജനമനസ്സുകളാകുന്ന സിംഹാസനത്തിൽ വിരാജിക്കുന്നു.

ശ്യാമാ ചന്ദ്രകലോജ്ജ്വലമൌലിരിയം ശാങ്കരീ കാലേ
ധ്യാനജപാദൌ പുണ്യാത്മനാം ഹൃദി പ്രസ്ഫുരത്യമലേ. 113

ചന്ദ്രക്കലകൊണ്ട് ഉജ്ജ്വലമായ ശിരസ്സോടുകൂടിയവളും ശ്യാമവർണ്ണയും ശാങ്കരിയുമായ ദേവി പുണ്യാത്മാക്കളുടെ നിർമ്മലമായ ധ്യാനം, ജപം തുടങ്ങിയവയിൽ പ്രകാശിക്കുന്നു.

ത്രിഭുവനരക്ഷാഹേതോരങ്ഗീകൃതഗിരിശദേഹയഷ്ടിരിയം
രാജതി രാജതപീഠേ ത്രിഭുവനസുന്ദരരുചാത്തബഹുകോണേ. 114

മൂന്നു ലോകങ്ങളുടെയും രക്ഷയ്ക്ക് വേണ്ടി ശിവപത്നിയായി അവതരിച്ചവളായ ദേവി മറ്റെല്ലാ സുന്ദരരൂപങ്ങളിലും വച്ച് അത്യധികം ശോഭിക്കുന്നു.

നിശ്ചലദീപകലാ സാ രക്ഷിതമരുദൌഷ്ണ്യഹീനനീജരൂപാ
ശൂലിസ്നേഹോല്ലസിതാ ജനഹൃത്തമസാം നിഹന്ത്രീ ച. 115

ഇളക്കാത്ത ദീപസദൃശമായ ശോഭയോടുകൂടിയവളും സർവ്വദുഃഖനിവൃത്തി പൂർവ്വമായ സുഖസ്വരൂപിയും ശിവസ്നേഹത്താൽ സന്തുഷ്ടയും ഭക്തജനമനസ്സിലെ അന്ധകാരത്തെ ഇല്ലാതാക്കുന്നവളുമായ ദേവി സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു.

നിഗമാന്തമധ്യവീഥീമഹാമണിഃ സർവ്വമൂല്യാ ച
ഭക്തിക്രയാ ച കാലേ കേയൂരമണിശ്ച ശൂലിനോ ജയതി. 116

വേദങ്ങളിൽ മഹാരത്നമായി വിളങ്ങുന്നതും ബഹുമൂല്യവത്തായതുമായ ശിവന്റെ കേയൂരരത്നമായ ദേവി വിജയിക്കുന്നു.

കല്യാണസന്തതേർയാ കലിതാ ജന്മസ്ഥലീതി വിബുധൈശൈഃ
നഃ കല്യാണായ സ്യാത് സാ ഗൌരീ മേദുരാ ദയയാ. 117

ദേവന്മാർ യാതൊരു ദേവിയെ മംഗളത്തിന്റെ ഉറവിടമായി പറയുന്നുവോ ആ ഗൗരി ഞങ്ങളുടെ മംഗളത്തിനായി ഭവിയ്ക്കട്ടെ.

തവ കേശകാന്തിവിസരൈഃ രാഹോഃ ശങ്കാ ശിരഃസ്ഥേന്ദോഃ
ഗ്രസനാദിദൈന്യഹാരിപ്രഭാവമാലോച്യ തേ സൗമ്യഃ. 118

ദേവിയുടെ തലമുടിയുടെ ശോഭയാൽ തലയിലുള്ള ചന്ദ്രൻ രാഹു ആണോ എന്നു തോന്നുന്നു. കാരണം ഗ്രഹണം തുടങ്ങിയവയാലുണ്ടാകുന്ന ഭക്തജനദുഃഖത്തെ ഇല്ലാതാക്കുവാനുള്ള സാമർത്ഥ്യം ദേവിയ്ക്കുണ്ടല്ലോ.

മന്ദസ്മിതരുചിഭരിതേ പുരഃസ്ഥലേ തേഽർചനാഹേതോഃ
ന്യസ്താനി ഹി പുഷ്പാണി ഭ്രമരാക്ഷേപാത് സ്ഫുടം ഭാന്തി. 119

ദേവിയെ പൂജിയ്ക്കാനായി ദേവിയുടെ മന്ദസ്മിതത്താൽ ശോഭയാർന്ന ദേവിയുടെ സന്നിധാനത്തിൽ വച്ചിട്ടുള്ള പൂക്കൾ വണ്ടുകളാൽ വളരെ വ്യക്തമായി ശോഭിക്കുന്നു.

ക്ഷീരസഹോദരമന്ദസ്മിതരുചിനിരസിതനതാളിഹൃത്തിമിരാ
സാ ജയതി ശാങ്കരീ കില ശങ്കരസംസ്തൂയമാനവിഭവാ ച. 120

ദേവിയുടെ മന്ദസ്മിതത്തിന്റെ ശോഭയാൽ ഭക്തജനങ്ങളുടെ മനസ്സിലെ അജ്ഞാനാന്ധകാരമാകുന്ന തിമിരം ഇല്ലാതാക്കപ്പെടുന്നു. ശങ്കരനാൽ സ്തുതിയ്ക്കപ്പെടുന്നവളും ശങ്കരപത്നിയുമായ ആ ദേവി സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു.

മന്ദാനാമപി മഞ്ജുളകവിത്വരസദായിനീ ജനനീ
കാപി കരുണാമയീ സാ ലസതു പുരസ്താത് സദാസ്മാകം. 121

മൂഢന്മാർക്കുപോലും മനോഹരമായ കവിത്വരസം നല്കുന്നവളും അമ്മയും കരുണാമയിയും പറഞ്ഞറിയിയ്ക്കാനാവാത്തവളുമായ ഈ ദേവി നമ്മുടെ മുമ്പിൽ ശോഭിയ്ക്കട്ടെ.

താപഹരരസവിവർഷണകൃതകുതുകാ കാപി നീലനലിനരുചിഃ
കാദംബിനീ പുരസ്താദാസ്താം നഃ സന്തതം ജനനീ. 122

ജീവിതത്തിലെ താപത്തെ ഇല്ലാതാക്കുന്ന രസത്തെ വർഷിച്ചുകൊണ്ട് അനുഗ്രഹമായി വർത്തിക്കുന്നവളും നീലത്താമരയുടെ ശോഭയോടുകൂടിയവളും അവാച്യമായതുമായ അമ്മ (ദേവി) നമ്മുടെ മുമ്പിൽ വർത്തിക്കട്ടെ.

കരുണാകടാക്ഷലഹരീ കാമായാസ്തു പ്രകാമകൃതരക്ഷാ
ഗൌര്യാ ഗിരിപതിമാന്യാ സത്സുഖദാനേ ഭൃശം ഖ്യാതാ. 123

കരുണാകടാക്ഷപ്രവാഹമായിട്ടുള്ളവളും ഭക്തജനങ്ങളെ നല്ലപോലെ രക്ഷിക്കുന്നവളും പരമേശ്വരന് മാന്യയായിട്ടുള്ളവളും പരമാനന്ദം നല്കുന്നതിൽ അത്യന്തം പ്രസിദ്ധയുമായിട്ടുള്ള ദേവി നമ്മുടെ അഭീഷ്ടസിദ്ധിയ്ക്കായി ഭവിക്കട്ടെ.

ഐക്യമനീയത നിതരാം യദാദരേണേന്ദുമൌലിനാ പൂർവം
തത് തേജോ ഹൃദി ലസതു സ്ഥിരേ ച നിഷ്കല്മഷേഽസ്മാകം 124

പരമേശ്വരൻ ഐക്യം പ്രാപിച്ചതായ ആ ദേവിയുടെ തേജസ്സ് നമ്മുടെ കല്മഷങ്ങൾ നീങ്ങിയതായ മനസ്സിൽ സ്ഥിരമായി പരിലസിക്കട്ടെ.

യത്പദരേഖാ മാന്യാ ലേഖാദീനാം ശുഭോദയേ നിഭൃതം
സാ ലോചനേ പുരസ്താദാസ്താം നഃ ശശികലോല്ലസൻമൌലിഃ 125

ദേവന്മാരുടെ മംഗളത്തിന് നിദാനവും മാന്യതയും ഭക്തന്മാരുടെ രക്ഷാകാരിയും ചന്ദ്രക്കലാധാരിയുമായ ദേവി നമ്മുടെ കൺമുമ്പിൽ വർത്തിക്കട്ടെ.

യസ്യാവിർഭാവവശാൻമാന്യോഭൂദ് ഭൂധരേന്ദ്രോപി
തത് പാർവതീതി സംജ്ഞം ഗൌരീ ദാക്ഷായണീ ച ലോകാംബാ 126

പർവ്വതശ്രേഷ്ഠനായ ഹിമവാനും ദേവിയുടെ ആവിർഭാവത്താൽ എല്ലാവരാലും ബഹുമാന്യനായിത്തീർന്നു. അങ്ങനെ പാർവ്വതീ എന്ന പേരോടുകൂടിയവളും ഗൗരിയും ദാക്ഷായണിയും ലോകത്തിന് മാതാവുമാണ് ദേവി.

മാരാരാതിമനോഹരലാവണ്യാ കുസുമമൃദുശരീരേയം
നിജകരുണാപാംഗസുധാപൂരണകൃതവൈഭവാ ഭാതി 127

പൂപോലെ മൃദുവായ ശരീരമുള്ളവളും കാമദേവസുഹൃത്തും മനോഹരമായ ലാവണ്യത്തോടുകൂടിയവളുമായ ദേവി സ്വന്തം കരുണ നിറഞ്ഞ കടക്കണ്ണുകളെകൊണ്ട് ഭക്തരിൽ അമൃത് നിറയ്ക്കുന്ന വൈഭവത്തോടുകൂടിയവളായി ശോഭിക്കുന്നു.

ധനധാന്യകീർതികവിതാലലനാസുതഹർമ്യമുഖ്യകാമപരൈഃ
തൈർനൃനമർചിതാചലസുതാങ്ഘ്രിജലജൈസ്തഥാഭ്രതൈഃ 128

ധനം, ധാന്യം, കീർത്തി, കവിതാചാതുര്യം, പുത്രൻ, മാളിക തുടങ്ങി

യ പ്രധാനപ്പെട്ട ആഗ്രഹങ്ങളോടുകൂടിയവരും പാർവ്വതിയുടെ ചരണാരവിന്ദങ്ങളെ പൂജിയ്ക്കുന്നവരുമായ ഭക്തജനങ്ങൾ ദേവിയെ പ്രത്യക്ഷപ്പെടുത്തുന്നു.

ഗിരിശശരീരവിഹാരി ത്രാതജഗത് തത് പരം ജ്യോതിഃ
ശാരദസരസിജനയനം മമ ഗൌരീരൂപമാവിരസ്തു ഹൃദി 129

മോക്ഷദയകമായ താമരക്കണ്ണോടുകൂടിയതും പരമേശ്വരശരീരത്തിൽ വിഹരിക്കുന്നതും ജഗത്തിനെ രക്ഷിക്കുന്നതും ഗൗരീസ്വരൂപത്തോടുകൂടിയതുമായ പരംജ്യോതിസ്സ് എന്റെ ഹൃദയത്തിൽ ആവിർഭവിക്കട്ടെ.

അചലസുതയാ സനാഥാ വയമേതേ ധൂതപാപകലാഃ
ശശിശിഖരം ചർമധരം ഗംഗാധരമീക്ഷ്യ മോദന്തേ 130

പാർവ്വതിയാൽ സനാഥരാക്കപ്പെട്ടവരും പാപങ്ങൾ അകന്നവരുമായ ഈ നമ്മൾ ചന്ദ്രക്കലാധാരിയും ആനത്തോല് ഉടുത്തവനുമായ ഗംഗാധരനെ കണ്ട് ആനന്ദിക്കുന്നു.

പ്രൌഢാന്ധകാരനിരസനചണമേതത് പാർവതീരൂപം
പരമം ജ്യോതിർലസതി സ്ഫുടം ച സദ്ഗണസമാവൃതം ഹൃദയേ 131

സജ്ജനങ്ങളാൽ സമാവൃതവും കട്ടിയേറിയ ഇരുട്ടിനെ നീക്കുന്നതിൽ സമർത്ഥവും പരം ജ്യോതിസ്സുമായ ഈ പാർവ്വതീരൂപം മനസ്സിൽ വ്യക്തമായി ശോഭിക്കുന്നു.

ദഹരാകാശവിഹാരി ജ്യോത്സ്നാലസദുത്തമാങ്ഗമിദമാദ്യം
ചിന്താരത്നം ഗിരിശപ്രകാമഭാഗ്യം ച ലോകദീപകലാ 132

പുണ്യാങ്കുരവൃദ്ധികരം ഗൌരീരൂപം സദാ ധ്യായേ
യച്ഛിവനേത്രമഹോത്സവനിഭൃതം രക്ഷിതജഗത്ത്രിതയം 133

നമ്മുടെയെല്ലാം ഹൃദയസ്ഥിതനായ പരമേശ്വരനിൽ വിഹരിക്കുന്നതും ചിന്താരത്നവും പരമേശ്വരന്റെ പരമഭാഗ്യവും ലോകത്തിന് വിളക്കായതും പുണ്യം വളർത്തുന്നതും ത്രിലോകങ്ങളെ രക്ഷിക്കുന്നതും ശിവനേത്രങ്ങൾ മഹോത്സവമായിട്ടുള്ളതുമായ പാർവ്വതീരൂപത്തെ ഞാൻ ധ്യാനിയ്ക്കുന്നു.

സൂര്യസുതാകല്ലോലോല്ലലനദശാരമ്യനേത്രലഹരീഭിഃ
ശ്രേയഃസന്തതിമചിരാത് തരങ്ഗയതി നഃ സദാ ദേവീ 134

സൂര്യരശ്മിതിരമാലകളുടെ കേളീരംഗമായ രമണീയ നേത്രങ്ങളിൽ നിന്നുള്ള തേജോപ്രവാഹത്താൽ ദേവി എല്ലായ്പ്പോഴും നമുക്ക് ശ്രേയസ്സിനെ നല്കുന്നു.

ഭൂധരകന്യാ സേയം സാദരദത്താർഹണാദിബഹുതോഷാ
വാദരസവിജയദാഃ നഃ പാദരസാസക്തകലിതബഹുഭാഷാ 135

പർവ്വതരാജപുത്രിയും ആദരപൂർവ്വം നല്കിയ പൂജയാൽ വളരെയധികം സന്തോഷിച്ചവളും വാദപ്രതിവാദങ്ങളിൽ വിജയം നല്കുന്നവളും പാദരസാസക്തരാൽ പ്രാപിയ്ക്കപ്പെട്ട ബഹുഭാഷജ്ഞയുമായ ദേവി നമ്മുടെ അനുഗ്രഹത്തിനായി ഭവിയ്ക്കട്ടെ.

പ്രൌഢതമാലവനാലീരുചിഭരകമനീയനേത്രവിസ്ഥാരൈഃ
ദിശി ദിശി കലിതാ സമ്പദ് യയാ തയാ നഃ കുലം ജയതി 136

പ്രൗഢമായ പച്ചിലകാട്ടിലെ വണ്ടിൻശോഭയോടുകൂടിയ രമണീയ നേത്രവിസ്താരത്താൽ യാതൊരു ദേവിയാണോ എല്ലായിടത്തും സമ്പത്ത് നിറച്ചത് ആ ദേവിയാൽ നമ്മുടെ കുലം സർവ്വോൽക്കർഷേണ വർത്തിയ്ക്കുന്നു.

നിജതാരുണ്യവിഹാരൈർമോഹകരം ശൂലിനോപി യത് തേജഃ
തത് കുമുദിനീശഖണ്ഡസ്ഥരച്ഛിരഃകരലസദ്ധനർവര്യം 137

സ്വന്തം താരുണ്യംകൊണ്ട് ശിവനെപോലും മോഹിപ്പിച്ചതും ശിരസ്സിൽ ചന്ദ്രക്കലചൂടിയതും കൈയിൽ വില്ല് പിടിച്ചതുമായ യാതൊരു തേജസ്സുണ്ടോ ആ തേജസ്സിനെ ധ്യാനിക്കണം.

ശങ്കരപുണ്യാങ്കുരകൃതരൂപം പാഥോജനയനം ച
പൃഥുജഘനകുചയുഗം ച ത്രാതജഗദ് ദഗ്ധദൈത്യചയം 138

ശിവന്റെ പുണ്യത്തിന്റെ രൂപവും താമരക്കണ്ണുകളോടുകൂടിയവളും ബൃഹത്തായ ജഘനങ്ങളും മാറിടങ്ങളുമുള്ളവളും ആസുരസമൂഹത്തെ നശിപ്പിച്ച് ലോകത്തെ രക്ഷിച്ചവളുമായ ദേവിയെ എപ്പോഴും ധ്യാനിക്കണം.

നീലനളിനീസുമാലീലളിതകചം ശങ്കരാർഹലളിതകുചം
കൈലാസപീഠമധ്യേ ഭാതി സദാ ധ്യേയമാരാധ്യം 139

നീലത്താമരപോലെ ലളിതമായ മുടിയോടുകൂടിയവളും പരമേശ്വരന് അർഹമായ ലളിതമാറിടത്തോടുകൂടിയവളുമായ ദേവി കൈലാസപീ

ഠത്തിൽ ശോഭിക്കുന്നു.

സ്മരണദശയാപി കാപി പ്രദീപികാ നാശിനീ തമസാം
നിഗമതതിസൌധവലഭീപ്രകാശിനീ നിത്യതേജസ്കാ 140

സ്മരിച്ചാലുടൻ അന്ധകാരത്തെ നശിപ്പിക്കുന്ന അനിർവ്വചനീയമായ ദീപമായിട്ടുള്ളതും നിഗമാഗങ്ങളാകുന്ന സൗധത്തെ പ്രകാശിപ്പിക്കുന്നതും നിത്യതേജസ്സുമായ ദേവി എന്റെ മനസ്സിൽ എപ്പോഴും ശോഭിക്കട്ടെ.

പുരരിപുവാമാങ്കതലോദ്ഭാസിതഗാത്രം മഹഃ കിമപി
ഹൃദി ലസതു സന്തതം മേ നിരസ്തസംസൃതിതമോരരാശി 141

പരമേശ്വരന്റെ ഇടതുമടിത്തട്ടിൽ ശോഭിക്കുന്ന ശരീരത്തോടുകൂടിയവളും മുഴുവൻ അന്ധകാരത്തെയും ഇല്ലാതാക്കുന്നവളും അതിമഹത്ത് തേജോരൂപിണിയുമായ ദേവി എന്റെ മനസ്സിൽ ലസിക്കട്ടെ.

നിഗമാന്തമധ്യപഞ്ജരശുകീ ശുകാദ്യൈഃ സമാരാധ്യാ
കരധൃതപുണ്ഡ്രേക്ഷുകലാ ശ്രേയഃസന്താനദായിനീ നമതാം 142

സകലാഗമാർത്ഥങ്ങളെയും പ്രവചിക്കുന്നവളും ശുകബ്രഹ്മർഷിതുടങ്ങിയവരാൽ സമാരാധ്യയും കൈയിൽ കരിമ്പുവില്ല് പിടച്ചവളും ശ്രേയസ്സിനെ നല്കുന്നവളുമായ ദേവിയെ നമിക്കുന്നു.

തവ പാദപദ്മശോഭാച്ഛുരിതം പുരതഃ സ്ഥലം ഗൌര്യാഃ
കൃതപല്ലവസംസ്തരണം മത്വാ തൂഷ്ണീം ബഭൂവ തേ ദാസഃ 143

അങ്ങയുടെ താമരക്കാലുകളുടെ ശോഭയെ കവർന്ന മുമ്പിലെ സ്ഥലം തളിരുകളാകുന്ന വിരിപ്പോടുകൂടിയതാണെന്ന് കരുതി ഈ ദാസൻ മൗനമായി അവിടെ ഇരുന്നു.

നവജലധരനീലരുചാ സമ്മാനന്യൈസ്തേ കടാക്ഷകാന്തിഭരൈഃ
സങ്കലിതനിത്യതോരണശോഭം തേ മണ്ഡപാസ്ഥാനം 144

നീലകാർമേഘവർണ്ണത്തോടുകൂടിയതും അവിടുത്തെ കടാക്ഷശോഭ നിറഞ്ഞതും തോരണശോഭയുള്ളതുമാണ് ദേവിയുടെ മണ്ഡപം.

രാകാചന്ദ്രനിഭാസ്യാ സാ കാശ്യാദിഷു കൃതാത്മബഹുപീഠാ
നാകാദിരാജവിനതാ ശോകാദിഹരപ്രഭാവജന്മകലാ 145

പൂർണ്ണചന്ദ്രശോഭയുള്ള മുഖമുള്ളവളും കാശീ തുടങ്ങിയ നഗരങ്ങളിൽ

ധാരാളം മന്ദിരങ്ങൾ ഉള്ളവളും ദേവേന്ദ്രനാൽ വന്ദിയ്ക്കപ്പെട്ടവളും ശോക ദുഃഖങ്ങളെയെല്ലാം ഇല്ലാതാക്കാൻ തക്ക സാമർത്ഥ്യമുള്ളവളുമായ ദേവി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

പാരാവാരസുതാദ്യൈരാരാത്കലനീയനൈജവിഭവാ സാ
വീരാഢ്യനൈജരൂപാ ദാരാഃ കൈലാസവാസിനോ ജയതി 146

ലക്ഷ്മീദേവി തുടങ്ങിയവരാൽ ചിന്തിയ്ക്കുന്ന സ്വവിഭവങ്ങളോടുകൂടിയ വളും വീരസ്വഭാവത്തോടുകൂടിയവളും പരമേശ്വരന്റെ പത്നിയുമായ ദേവി സദാ ജയിയ്ക്കട്ടെ.

ധീരാത്മഹൃദയകമലേ ധാരാധരനീലചികുരഭാരവതീ
ക്ഷീരാദിഹൃദ്യവാണീ ധാരാ സാ ഭാതി പാർവതീരൂപാ 147

ധീരന്മാരുടെ ഹൃദയകമലത്തിൽ വസിക്കുന്നവളെ മേഘത്തിന്റെ വർണ്ണമായ കറുപ്പിന് സദൃശമായ തലമുടിയുടെ ഭാരത്തോടുകൂടിയവളും പാലുപോലെ മധുരമായ വാക്കുകളോടുകൂടിയവളും പാർവ്വതീരൂപിണിയു മായ ദേവി പ്രവാഹമായി ശോഭിക്കുന്നു.

പരമശിവഭാഗ്യധാടീ കാഞ്ചനശാടീ മമാസ്തു ഹൃദി സതതം
പരിമലിതവക്ത്രവീടീ കൃതനതിധോടീ ഗജാദിപരിപാടീ 148

പരമശിവന്റെ ഭാഗ്യപ്രൗഢിയും സ്വർണ്ണസദൃശവസ്ത്രം ധരിച്ചവളും വ സനാപൂർണ്ണമായ താംബൂലം വായയിലുള്ളവളും സകലനമസ്കാരങ്ങളും ല ഭിച്ചവളുമായ ദേവി എന്റെ ഹൃദയത്തിൽ എപ്പോഴും ഉണ്ടാവട്ടെ.

സന്മാനസകാസാരേ കൃതപരമാനന്ദസന്തതിർജനനീ
ശങ്കരതത്ത്വോന്മേഷം കലയതി കാലേ ദയാസാരാത് 149

സജ്ജനമനസ്സിൽ പരമാനന്ദസ്വരൂപവും ശങ്കരാചാര്യരാൽ ബോധി പ്പിയ്ക്കപ്പെട്ട തത്ത്വവുമായ ദേവിയെ അവിടുത്തെ ദയയാൽ ധ്യാനിയ്ക്കുന്നു.

ഏണാങ്കലസിതമൌലിഃ ക്ഷീണാനാം രക്ഷിണീ പരമാ
പാണാവാദൃതഹരിണാ വീണാന്തതിലാളിതാ ച സാ ജയതി 150

ചന്ദ്രക്കലാധാരണിയും ക്ഷീണിതരുടെ രക്ഷകയും ശിവൻ ആദരിയ്ക്കു ന്നവളും കൈയിൽ വീണയെടുത്ത് വേണ്ടവിധം എടുത്ത് ഉപയോഗിക്കു ന്നവളുമായ ദേവി ജയിയ്ക്കട്ടെ.

# സംസ്കൃതപഠനം - 28

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ തുടക്കത്തിൽ ഉചിതമായ വിഭക്തിചേർത്ത് പൂരിപ്പിക്കാനായി തന്നവയുടെ ഉത്തരം താഴെ ചേർക്കുന്നു.

1. बालिकाः आरामात् पुष्पाणि आनयन्ति।
2. गङ्गा हिमालयात् निर्गच्छति।
3. बालाः मातुः कथाम् आकर्णयन्ति।
4. कृषीवलः वाप्याः जलं क्षेत्रं नयति।
5. बालाः पाठशालायाः गृहं प्रत्यागच्छन्ति।

1. बालिकाः जलेन लतां सिञ्चन्ति।
2. अहं वृक्षात् अवरोहामि।
3. यूयं कर्षकाः नगरात् ग्रामं गच्छथ।
4. गुरुः शिष्येभ्यः विद्यां यच्छति।
5. पिता मातुलाय लेखं लिखति।

ഷഷ്ഠീവിഭക്തി വരുന്ന മറ്റു സന്ദർഭങ്ങൾ :

1. 'ഹേതുഃ' എന്ന ശബ്ദത്തിന്റെ യോഗത്തിൽ ഷഷ്ഠീവിഭക്തി വരും.

   छात्राः अध्ययनस्य हेतोः छात्रावासे निवसन्ति। വിദ്യാർത്ഥികൾ പഠനം കാരണമായി ഹോസ്റ്റലിൽ താമസിക്കുന്നു.

   प्रधानमन्त्री राज्यविकासस्य हेतोः जप्पान् राज्यम् अगच्छत्। പ്രധാനമന്ത്രി രാജ്യവികാസം കാരണമായി ജപ്പാനിൽ പോയി.

   सुरेशः पठनस्य हेतोः पुस्तकानि क्रीणाति। സുരേശൻ എഴുത്ത് കാരണമായി പുസ്തകങ്ങൾ എഴുതുന്നു.

2. ദിക്കുകളെ സൂചിപ്പിക്കുന്ന 'തസ്' എന്ന പ്രത്യയം അവസാനമുള്ള

ശബ്ദത്തിന്റെ യോഗത്തിൽ ഷഷ്ഠീവിഭക്തി വരും.

रामस्य वामतः सीता तिष्ठति - രാമന്റെ ഇടതുവശം സീത നില്ക്കുന്നു.

रामस्य दक्षिणतः लक्ष्मणः तिष्ठति - രാമന്റെ വലതുവശം ലക്ഷ്മണൻ നില്ക്കുന്നു.

रामस्य पुरतः हनुमान् तिष्ठति। രാമന്റെ മുമ്പിൽ ഹനുമാൻ നില്ക്കുന്നു.

3. കൃതേ സമക്ഷം എന്നീ ശബ്ദങ്ങളുടെ യോഗത്തിൽ ഷഷ്ഠീവിഭക്തി വരും.

जनाः धनस्य कृते यत्नं कुर्वन्ति। ജനങ്ങൾ പണത്തിനുവേണ്ടി പ്രയത്നിക്കുന്നു.

सज्जनाः राष्ट्रस्य कृते प्रवर्तन्ते। നല്ലാളുകൾ രാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

जनाः निवेदनम् अधिकारिणः समक्षं समर्पयन्ति। ജനങ്ങൾ നിവേദനം അധികാരികളുടെ മുന്നിൽ സമർപ്പിക്കുന്നു.

रक्षीपुरुषाः चोरं न्यायधीशस्य समक्षम् आनयन्ति। പോലീസുകാർ കള്ളനെ ജഡ്ജിയുടെ മുന്നിൽ കൊണ്ടുവരുന്നു.

സപ്തമീവിഭക്തി എവിടെ വരുന്നു എന്ന് നോക്കാം. അതിങ്കൽ, അതിൽവച്ച്, വിഷയം എന്ന് മൂന്നർത്ഥങ്ങളിലാണ് സപ്തമീവിഭക്തിരൂപം പ്രയോഗിക്കേണ്ടത് എന്നാണ് പറയുന്നത്. ഉദാഹരണങ്ങൾ നോക്കാം.

**അതിങ്കൽ എന്ന അർത്ഥത്തിൽ :**

1. सिंहः वने वसन्ति। സിംഹം വനത്തിൽ വസിക്കുന്നു.
2. कर्षकाः ग्रामे वसन्ति। കർഷകർ ഗ്രാമത്തിൽ വസിക്കുന്നു.
3. विहगाः आकाशे डयन्ते। പക്ഷികൾ ആകാശത്തിൽ പറക്കുന്നു.
4. छात्राः विद्यालये पठन्ति। വിദ്യാർത്ഥികൾ വിദ്യാലയത്തിൽ പഠിക്കുന്നു.
5. बालकाः क्रीडाङ्गणे क्रीडन्ति। ബാലന്മാർ കളിസ്ഥലത്ത് കളിക്കുന്നു.

**അതിൽവച്ച് എന്ന അർത്ഥത്തിൽ :**

1. चन्द्रः नक्षत्रेषु राजा भवति। ചന്ദ്രൻ നക്ഷത്രങ്ങളിൽ വച്ച് രാജാവാക

ന്നു.

2. हिमालयः पर्वतेषु राजा भवति। ഹിമാലയം പർവ്വതങ്ങളിൽ വച്ച് ഉന്നതനാകുന്നു.
3. इन्द्रिरागान्धि भारतप्रधानमन्त्रिषु वनिता भवति। ഇന്ദിരാഗാന്ധി ഭാരത പ്രധാനമന്ത്രിമാരിലെ വനിതയാകുന്നു.
4. कुबेरः धनिकेषु श्रेष्ठः भवति। കുബേരൻ ധനികരിൽവച്ച് ശ്രേഷ്ഠനാകുന്നു.
5. अर्जुनः अर्जुननकुलयोः कुन्त्रीपुत्रः भवति। അർജ്ജുനൻ അർജ്ജുന നകുലന്മാരിൽ വച്ച് കുന്തീപുത്രനാകുന്നു.

വിഷയം എന്ന അർത്ഥത്തിൽ :

1. अर्जुनः धनुर्विद्यायां निपुणः भवति। അർജ്ജുനൻ ധനുർവിദ്യയിൽ നിപുണനാകുന്നു.
2. येशुदासः गाने कुशलः भवति। യേശുദാസ് പാട്ടിൽ സമർത്ഥനാകുന്നു.
3. कर्णः रणे शूरः भवति। കർണ്ണൻ യുദ്ധത്തിൽ ശൂരനാകുന്നു.
4. नलः पाककार्ये समर्थः भवति। നളൻ ദഹണ്ണത്തിൽ സമർത്ഥനാകുന്നു.
5. महात्मागान्धी जीवने सरलः भवति। മഹാത്മാഗാന്ധി ജീവിതത്തിൽ സരളനാകുന്നു.

അങ്ങനെയുള്ള സന്ദർഭത്തിൽ എന്നർത്ഥത്തിൽ സപ്തമീവിഭക്തി - സതി സപ്തമീപ്രയോഗം.

1. सूर्ये उदिते कमलानि विकसन्ति। സൂര്യൻ ഉദിച്ചപ്പോൾ താമരകൾ വിടരുന്നു.
2. उन्नताङ्केषु प्राप्तेषु छात्राः सन्तुष्टाः अभवत्। ഉയർന്ന മാർക്ക് നേടിയപ്പോൾ വിദ്യാർത്ഥികൾ സന്തുഷ്ടരായി.
3. घण्टानादेषु श्रूयमाणेषु छात्राः गृहं प्रतिगच्छन्ति। മണിനാദം കേൾക്കുമ്പോൾ വിദ്യാർത്ഥികൾ വീട്ടിലേയ്ക്ക് തിരിച്ചു പോകുന്നു.
4. वृष्ट्याम् आगतायां सस्यानि अवर्धन्त। മഴ വന്നപ്പോൾ സസ്യങ്ങൾ വളർന്നു.

5. आकाशे मेघसमावृते मयूराः अनृत्याम। ആകാശം മേഘസമാവൃതമായപ്പോൾ മയിലുകൾ നൃത്തം വച്ചു.

ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ള പദങ്ങളുടെ സപ്തമീവിഭക്തിരൂപം ഉപയോഗിച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതുക.

1. कृषकाः कुत्र वसन्ति? (ग्रामः)
2. ग्रामीणाः कुत्र स्नान्ति? (कूपः)
3. गजाः कुत्र तिष्ठन्ति? (गजशाला)
4. लोकसभा कुत्र प्रवर्तते? (दिल्लि)
5. पक्षिणः कुत्र निवसन्ति? (नीडः)

താഴെ കൊടുത്തിട്ടുള്ള ഉത്തരം വായിച്ച് സപ്തമീവിഭക്തിരൂപം ഉത്തരമായി വരുന്നവിധത്തിൽ ചോദ്യങ്ങൾ നിർമ്മിക്കുക.

ഉദാഹരണം

उ. नक्षत्राणि आकाशे सन्ति।

प्र. नक्षत्राणि कुत्र सन्ति?

1. अध्यापकाः आसन्देषु उपविशन्ति।
2. मीनाः जले जीवन्ति।
3. शिशुः प्रेङ्खायां शेते।
4. विग्रहः देवालये अस्ति।
5. पुष्पाणि लतायां विकसन्ति।

താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുകയും ചോദ്യങ്ങൾക്കുള്ള ഉത്തരമെഴുതുകയും ചെയ്യുക.

एषः काकः। सः वृक्षस्य शाखायाम् उपविशति। सः दिवा आकाशे डयते। रात्रौ सः नीडे वसति। पक्षिणः वृक्षाणां शाखासु नीडानि रचयन्ति। सः पिकस्य नीडे स्वस्य अण्डानि निक्षिपन्ति।

प्रश्नः

1. कः वृक्षस्य शाखायाम् उपविशन्ति?
2. काकः कुत्र डयते?

3. कदा काकः नीडे वसन्ति?
4. के वृक्षाणां शाखासु नीडानि रचयन्ति?
5. काकः कुत्र स्वस्य अण्डानि निक्षिपन्ति?

## സംസ്കൃതത്തിലേയ്ക്ക് വിവർത്തനം ചെയ്യുക.

(അടുത്തലക്കത്തിൽ ശരിയുത്തരം നോക്കി വിശകലനം ചെയ്യുക.)

1. രാമൻ കളിയ്ക്കുന്നു.
2. രാധയും കളിയ്ക്കുന്നു.
3. ഞാൻ രാമനാകുന്നു.
4. ഞാൻ കളിയ്ക്കുന്നു.
5. നീ രാധയാകുന്നു.
6. നീ കളിയ്ക്കുന്നു.
7. ഗണേശൻ പഠിയ്ക്കുന്നു.
8. നീ പഠിയ്ക്കുന്നു.
9. ഞാനും പഠിയ്ക്കുന്നു.
10. രാമൻ എന്തു ചെയ്യുന്നു?
11. രാമൻ കളിയ്ക്കുന്നു.
12. നീ എന്തു ചെയ്യുന്നു?
13. ഞാൻ പഠിയ്ക്കുന്നു.
14. ഞാൻ രാധാ
15. ഞാൻ എന്തു ചെയ്യുന്നു?
16. നീ എന്തു ചെയ്യുന്നു?
17. ഫലം മധുരം ആകുന്നു.
18. ഫലം വീഴുന്നു.

## ഈ സുഭാഷിതം നോക്കു

ഹസ്തസ്യ ഭൂഷണം ദാനം
സത്യം കണ്ഠസ്യ ഭൂഷണം
ശ്രോത്രസ്യ ഭൂഷണം ശാസ്ത്രം
കിമന്യൈർഭൂഷണൈഃ ഫലം.

അന്വയം : ഹസ്തസ്യ ഭൂഷണം ദാനം ഭവതി. കണ്ഠസ്യ ഭൂഷണം സത്യം ഭവതി. ശ്രോത്രസ്യ ഭൂഷണം ശാസ്ത്രം ഭവതി. അന്യൈഃ ഭൂഷണൈഃ

കിം ഫലം?

ആശയം : കയ്യിന് അലങ്കാരം ദാനമാകുന്നു. കഴുത്തിന് സത്യം അലങ്കാരമാകുന്നു. കർണ്ണത്തിന് ശാസ്ത്രം അലങ്കാരമാകുന്നു. അതായത് ദാനം ചെയ്യുക, സത്യം പറയുക, ശാസ്ത്രം പഠിക്കുക എന്നിവയാണ് ഒരുവന് അലങ്കാരമായി ഭവിയ്ക്കുക. അല്ലാതെ വള, മാല, കമ്മൽ തുടങ്ങിയ അലങ്കാരങ്ങളെക്കൊണ്ട് യാതൊരു പ്രയോജനവും ഇല്ല.

ഔഷധസസ്യങ്ങൾ - 15

# ചെറുനാരകം

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

'പ്രകൃതിയുടെ സാന്ത്വനം' സകലവും ഭേദമാക്കുന്നു - എന്ന ചൊല്ല് സാർത്ഥകമാക്കുന്നു, നാരകം. അതുകൊണ്ടാണ് ചെറുനാരങ്ങനീര് ആയുർവേദ ഔഷധങ്ങളിൽ അനിവാര്യവും അനിഷേധ്യവുമായി അംഗീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നത്.

റൂട്ടേസി കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം 'സിട്രസ് ഔറാന്റിഫോളിയ' എന്നാണ്. സംസ്കൃതത്തിൽ നിംബൂകം, ജംബീരം തുടങ്ങിയ പേരുകളുണ്ട്. 'ജംബീര' കുടുംബത്തിൽപ്പെടുന്നു. ഔഷധഗുണങ്ങളിലൂടെ സഞ്ചരിച്ചാൽ നാരങ്ങനീരിൽ അടങ്ങിയിട്ടുള്ള സിട്രിക് അമ്ലത്തിന് അത്യധികമായ രോഗാണുനാശക ശക്തിയുണ്ട് എന്ന് മനസ്സിലാക്കാം. ക്ഷാര-ലവണങ്ങൾ കൂടിയ അളവിൽ അടങ്ങിയിരിയ്ക്കുന്നതുകൊണ്ട് ദഹനശക്തി വർദ്ധിപ്പിയ്ക്കുന്നു.

നാരകത്തിന്റെ ഫലമാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ഔഷധപ്രയോഗങ്ങളിലൂടെ - മോണയിൽനിന്ന് രക്തവും പഴുപ്പും വരിക, വായ്നാറ്റം തുടങ്ങിയ അസുഖങ്ങൾക്ക് നാരങ്ങനീർ ധാരാളം വെള്ളം ചേർത്ത് കഴിയ്ക്കുകയും ഈ വെള്ളംതന്നെ കവിൾക്കൊള്ളുക (വായിൽ അല്പസമയം നിർത്തുക) യും ചെയ്യുന്നത് വളരെ ഗുണം ചെയ്യും. നാരങ്ങനീരിൽ ബ്രഷ് മുക്കി പല്ലുതേയ്ക്കുന്നതും മേല്പറഞ്ഞ അസുഖങ്ങൾക്ക് ശീഘ്രശമനം കൈവരുത്തും.

ദഹനക്കുറവ്, വിശപ്പില്ലായ്മ, രുചിക്കുറവ് ഇവയ്ക്ക് ആഹാരത്തിനുമുമ്പ് നാരങ്ങാനീര് അല്പം പഞ്ചസാര ചേർത്ത് കഴിയ്ക്കുന്നത് വളരെയേറെ പ്രയോജനപ്രദമായി അനുഭവപ്പെട്ടിട്ടുണ്ട്.

ദുർമ്മേദസ്സ് (തടി) ഉള്ളവർ രാവിലെ പതിവായി ഒരു ചെറുനാരങ്ങാനീര് ഒരു ഗ്ലാസ് വെള്ളത്തിൽ പത്ത് മി. തേനും ചേർത്ത് കഴിച്ചാൽ കുറച്ചുനാൾക്കകം അധികഭാരവും അസ്വാസ്ഥ്യങ്ങളും കുറയും.

ചെറുനാരങ്ങയും രക്തചന്ദനവും ചേർത്ത് വെളിച്ചെണ്ണ കാച്ചി പതിവായി തേച്ചാൽ തുമ്മൽ, പീനസം ഇവ ശമിയ്ക്കും. തേൾ വിഷത്തിന് ചെറുനാരങ്ങനീരിൽ ചുവന്ന തുളസിയില അരച്ച് ഗോമൂത്രം ചേർത്ത് മുറിവായിൽ പുരട്ടുന്നത് ശീഘ്രശമനമുണ്ടാക്കും.

ഒരു ചെറുനാരങ്ങയുടെ പകുതി പിഴിഞ്ഞനീരിൽ ഒരു ഗ്ലാസ് വെള്ളവും 10 മി. ഗ്ലിസറിനും ചേർത്ത് പതിവായി കുറച്ചുനാൾ സേവിച്ചാൽ മൂത്രവസ്തിയിലെ കല്ല് ഭേദമാകും. വയറിളക്കത്തിന് അരഗ്ലാസ് പാൽ ചേർക്കാത്ത ചായയിൽ പകുതി ചെറുനാരങ്ങനീര് ചേർത്ത് കഴിച്ചാൽ പെട്ടെന്ന് മാറും.

ചെറുനാരങ്ങാനീരും വെളിച്ചെണ്ണയും സമം എടുത്ത് നന്നായി കാച്ചി തലയിൽ തേച്ചാൽ 'താരൻ' മാറുമെന്ന് 'നാട്ടറിവുകൾ' വ്യക്തമാക്കുന്നു.

## കുട്ടികളുടെ വാല്മീകി രാമായണം 9



ഉണ്ണികൃഷ്ണൻ കിഴുത്താനി
ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

---

(കഴിഞ്ഞലക്കം തുടർച്ച)

സഗരന്റെ സ്വർഗ്ഗപ്രാപ്തിയെ തുടർന്ന് അംശുമാൻ രാജാവായി. അദ്ദേഹത്തിന്റെ പുത്രനാണ് മഹാനായ ദിലീപൻ. പിതാമഹന്മാരുടെ പൈതൃകത്തെ ഉൾപ്പുളകത്തോടെയും എന്നാൽ അവരുടെ അന്ത്യാഭിലാഷം എപ്രകാരമാണ് നിറവേറ്റുക എന്നതിലുമദ്ദേഹം സദാ സന്ദേഹിയായിരുന്നു. ഗംഗയെ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലെത്തിച്ച് ഉദകക്രിയ ചെയ്യുക എന്നത് മനുഷ്യരാൽ അസാദ്ധ്യമാണല്ലോ? ധാർമ്മികനും, പ്രജാക്ഷേമതല്പരനുമായ ദിലീപനനുഷ്ഠിച്ച നിരവധി അപൂർവ്വയജ്ഞങ്ങളുടേയും യാഗങ്ങളുടേയും ഫലമായി എല്ലാ ദൈവീക ശക്തികളും സന്തുഷ്ടരായി. അതേ തുടർന്ന് അദ്ദേഹത്തിന് ഭഗീരഥൻ എന്നൊരു പുത്രൻ പിറവിയെടുത്തു.

പുത്രൻ പിതാവിനേക്കാൾ ധർമ്മിഷ്ടനും ദേവകൾക്ക് പ്രിയങ്കരനും

സകല ജനങ്ങളുടേയും കണ്ണിലുണ്ണിയുമായി മാറി. സ്വർഗ്ഗഗംഗയെ ഭൂമിയിലെത്തിച്ച് തന്റെ പിതൃക്കളുടെ അന്ത്യാഭിലാഷം എന്തു വിലകൊടുത്തും നിറവേറ്റുമെന്ന ദൃഢനിശ്ചയം ഈ രാജവംശത്തിന്റെ രജതരേഖയായാണ് കാണേണ്ടത്. എന്നാൽ സന്താനസൗഭാഗ്യമില്ലാതെയായ ഭഗീരഥൻ അതിഘോര തപസ്സനുഷ്ഠിച്ച് ബ്രഹ്മദേവനെ പ്രസാദിപ്പിച്ചു. ഇഷ്ടവരം ചോദിയ്ക്കാനനുവാദം ലഭിച്ചപ്പോൾ, സൽസന്താനസമ്പാദനത്തോടൊപ്പം പിതൃക്കളുടെ അന്ത്യാഭിലാഷത്തിനാണ് മഹാരാജാവ് പ്രാമുഖ്യം നൽകിയത്. വംശാവലി നിലനിർത്തുന്നതോടൊപ്പം പിതൃക്കളുടെ മോക്ഷപ്രാപ്തിയും യശസ്സിന്റെ അടയാളമായി കണ്ടിരുന്നവരായിരുന്നു മഹാനായ രാജാക്കന്മാർ. മനുഷ്യർക്ക് അപ്രാപ്യമായിരിക്കുന്ന ഗംഗയെ ഭൂമിയിലെത്തിച്ച ഭഗീരഥന്റെ നാമം ലോകം നിലനിൽക്കുന്നിടത്തോളം കാലം വാഴ്ത്തപ്പെടാതിരിക്കില്ല. മാത്രമല്ല, ഭഗീരഥ പ്രയത്നമെന്ന മഹത്തായ ശൈലി രൂപപ്പെടുന്നതിനും അദ്ദേഹത്തിന്റെ ഈ പ്രയത്നം ഇടനൽകി. സദുദ്ദേശത്തിന്റെ ഇച്ഛാശക്തിയുടെ പ്രതീകം കൂടിയാണ് ഭഗീരഥപ്രയത്നം. ദേവലോകത്തുള്ള ഋഷി, ഗന്ധർവ്വാദികൾ ഗംഗ ഭൂമിയിൽ പതിയ്ക്കുന്ന അസുലഭ ദൃശ്യത്തിന് സാക്ഷ്യം വഹിച്ചു. മാത്രമല്ല, സ്വർഗ്ഗവാസികളെല്ലാം ഈ സംഭവത്തെ പുഷ്പവൃഷ്ടി ചെയ്ത് ഉത്സവഛായയാക്കി മാറ്റി. ശിവസ്പർശമേറ്റ് ഗംഗ കൂടുതൽ പരിശുദ്ധയും, വേപഥുപൂണ്ടവളുമായി മാറി അനുഗ്രഹവർഷം ചൊരിയാൻ തയ്യാറെടുത്തു.

സന്തുഷ്ടനായ ഭഗീരഥൻ പ്രപിതാമഹാന്മാർ ഗതികിട്ടാതുഴലുന്ന രസാതലത്തിൽ തിടുക്കത്തിൽ എത്തിച്ചേർന്ന് അവരുടെ ഭൗതികാവശിഷ്ടങ്ങൾ ഗംഗാജലംകൊണ്ട് പവിത്രമാക്കി ഉദകക്രിയ ചെയ്തു. അപ്പോൾ ബ്രഹ്മദേവൻ ഇപ്രകാരം അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞു. സാഗരത്തിൽ ജലമുള്ള കാലത്തോളം സഗരപുത്രന്മാർ ദേവതുല്യരായി സ്വർഗ്ഗത്തിൽ അധിവസിയ്ക്കുമെന്നും ഈ സ്വർഗ്ഗഗംഗ ഭഗീരഥന്റെ ജ്യേഷ്ഠപുത്രിയായി, 'ത്രിപഥഗ്', 'ഭാഗീരഥി' എന്നീ പേരുകളിൽ പുണ്യപ്രദായിനിയായി പ്രകൃതിയെ അനുഗ്രഹിയ്ക്കുമെന്നുമുള്ള അദ്ദേഹത്തിന്റെ ആശിസ്സുകൾ സകലരേയും ആഹ്ലാദത്തിൽ ആറാടിച്ചു.

(തുടരും)

# ലളിതാസഹസ്രനാമം വ്യാഖ്യാനം – 19

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

31. *മഹാഗണേശനിർഭിന്നവിഘ്നയന്ത്രപ്രഹർഷിതാ*
*ഭണ്ഡാസുരേന്ദ്രനിർമുക്തശസ്ത്രപ്രത്യസ്ത്രവർഷിണീ*

*മഹാഗണേശനിർഭിന്നവിഘ്നയന്ത്രപ്രഹർഷിതാ* = മഹാഗണേശനാൽ ഭേദിയ്ക്കപ്പെട്ട വിഘ്നയന്ത്രത്താൽ സന്തോഷിച്ചവൾ.

ഇവിടെ പറയുന്ന ഗണപതി മഹാഗണപതിയാണ്. ഈ മഹാഗണപതി ഭണ്ഡാസുരസേന നിർമ്മിച്ച വിഘ്നയന്ത്രത്തെ ഛിന്നഭിന്നമാക്കിയപ്പോൾ മഹാത്രിപുരസുന്ദരി സന്തോഷിച്ചു. ഭണ്ഡാസുരൻ ദേവീസൈന്യത്തെ സ്തംഭിപ്പിച്ചപ്പോഴും മഹാഗണപതി ഉണ്ടായപ്പോൾ മഹാഗണപതി വിഘ്നയന്ത്രത്തെ നശിപ്പിച്ചപ്പോഴും ദേവി സന്തോഷിയ്ക്കുകയാണ് ചെയ്തത്. സദാ ദേവി സന്തോഷവതിയാണ്. ദേവീ ആനന്ദസ്വരൂപിണിയാണ്. ലോകത്ത് എന്തുതന്നെ സംഭവിച്ചാലും ദേവി ആനന്ദഭരിതയാണ്. ജീവിതത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ അത് നല്ലതിനായിരിക്കുമെന്നും അത് സൂക്ഷ്മദൃഷ്ടിയോടെ വിശകലനം ചെയ്ത് മുന്നോട്ടു പോയാൽ വിജയം സുനിശ്ചിതമാണെന്ന ചിന്ത നമുക്ക് ഈ നാമം നല്കുന്നു.

*ഭണ്ഡാസുരേന്ദ്രനിർമുക്തശസ്ത്രപ്രത്യസ്ത്രവർഷിണീ* = ഭണ്ഡാസുരേന്ദ്രൻ വിട്ടതായ ശസ്ത്രങ്ങൾക്കുനേരെ പ്രത്യസ്ത്രങ്ങൾ വർഷിച്ചവൾ.

ദേവിയും ഭണ്ഡാസുരനും തമ്മിലുള്ള യുദ്ധത്തിൽ അവർ പരസ്പരം അസ്ത്രശസ്ത്രങ്ങൾ പ്രയോഗിച്ചു. അവർ പരസ്പരം അമ്പത്തൊന്ന് അസ്ത്രങ്ങൾ എറിഞ്ഞു എന്നാണ് ലളിതോപാഖ്യാനം പറയുന്നത്. രോഗങ്ങൾ ഉണ്ടാക്കുന്ന അസ്ത്രം ഭണ്ഡാസുരൻ പ്രയോഗിച്ചപ്പോൾ അതിനെ നിർവീര്യമാക്കുന്ന നാമത്രയങ്ങളാകുന്ന അസ്ത്രം ദേവി പ്രയോഗിച്ചു. അജ്ഞാനവും അന്ധകാരവും പരത്തുന്ന ഭണ്ഡാസുരൻ അയച്ച അസ്ത്രത്തെ നിർവീര്യമാക്കാൻ ദേവി അതിനു തക്കതായ അസ്ത്രത്തെ അയച്ചു. ദേവി ഇപ്രകാരം യുദ്ധം ചെയ്തു. ജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെ സധൈര്യം നേരിടാനുള്ള ശക്തി ഈ നാമം നല്കുന്നു.

32. കരാംഗുലിനഖോത്പന്നനാരായണദശാകൃതിഃ
മഹാപാശുപതാസ്ത്രാഗ്നിനിർദഗ്ധാസുരസൈനികാ

*കാരംഗുലിനഖോത്പന്നനാരായണദശാകൃതിഃ* = കൈകളിലെ നഖങ്ങളിൽനിന്ന് ഉദ്ഭവിച്ച പത്ത് നാരായണരൂപങ്ങളോടുകൂടിയവൾ.

മഹാത്രിപുരസുന്ദരിയുടെ കൈകളിലെ പത്തുവിരലുകളിലെ നഖങ്ങളിൽ ശ്രീമൻ നാരായണന്റെ പത്ത് അവതാരങ്ങൾ പ്രത്യക്ഷമായി. ദേവിയെ പരാജയപ്പെടുത്തണമെന്ന് കരുതി ഹിരണ്യാക്ഷൻ, ഹിരണ്യകശിപു തുടങ്ങിയ അസുരന്മാരെ ഭണ്ഡാസുരൻ സൃഷ്ടിച്ചു. അവരെ നിഗ്രഹിയ്ക്കാനാണ് ദേവി ഈ പത്തു അവതാരങ്ങളെ സ്വന്തം നഖങ്ങളിൽ ദൃശ്യമാക്കിയത്. വലതു കൈയിലെ പെരുവിരലിൽ തുടങ്ങി യഥാക്രമം മത്സ്യം, കൂർമ്മം, വരാഹം, നൃസിംഹം, വാമനൻ മുതലായ അവതാരങ്ങളും ഇടതു കൈയിലെ പെരുവിരലിൽ തുടങ്ങി യഥാക്രമം പരശുരാമൻ, ബലരാമൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, കല്ക്കി മുതലായ അവതാരങ്ങളും പ്രത്യക്ഷരായി.

ദേവിയുടെ കൈവിരലുകളിൽ പ്രത്യക്ഷമായ മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിലെ തത്ത്വം മനസ്സിലാക്കുന്നതിനുമുമ്പ് നാരായണ സങ്കല്പത്തെക്കുറിച്ച് ചിന്തിക്കണം. നാമത്തിൽ കരാംഗുലി എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. കർമ്മം ചെയ്യാനുള്ളത് എന്നതിനാലാണ് കരം എന്ന പദം. ദേവിയുടെ കരം പ്രപഞ്ചസംരക്ഷണം എന്ന കർമ്മം ചെയ്യുന്നു. അതിനുവേണ്ടിയാണ് ശ്രീമൻ നാരായണന്റെ പത്ത് അവതാരങ്ങളും ദേവികരങ്ങളിലെ നഖങ്ങളിൽനിന്ന് ആവിർഭവിച്ചത്. ദേവിതന്നെ പ്രപഞ്ചസംരക്ഷണം നടത്തുന്നുവെങ്കിലും പത്തു വ്യത്യസ്തകർമ്മങ്ങളുടെ അടിസ്ഥാനത്തിൽ പത്തുതരം അവസ്ഥാഭേദങ്ങളിലൂടെ പ്രപഞ്ചം കടന്നുപോകും എന്നതിനാലാണ് വിഷ്ണുവിന്റെ പത്ത് അവതാരങ്ങൾ ദേവീ കരാംഗുലി നഖങ്ങളിൽ പ്രത്യക്ഷരായി എന്ന് പറഞ്ഞത്.

വാസ്തവത്തിൽ ശ്രീമൻ നാരായണൻ അതായത് മഹാവിഷ്ണു അവതരിയ്ക്കുന്നില്ല. വൈഷണവ സംഹിതപ്രകാരം ശ്രീമൻ നാരായണൻ നാലായി തീരുന്നു. വാസുദേവൻ, സങ്കർഷണൻ, അനിരുദ്ധൻ, പ്രദ്യുമ്നൻ എന്നിങ്ങനെയും വാസുദേവൻ, അനിരുദ്ധൻ, പ്രദ്യുമ്നൻ സങ്കർഷണൻ എന്നിങ്ങനെയും ഗ്രന്ഥഭേദത്താൽ വ്യത്യാസപ്പെട്ട രീതിയിൽ ഒന്നിൽനിന്ന് ഒന്നായി ക്രമത്തിൽ അവതരിയ്ക്കുന്നു. മഹാഭാഗവതത്തിലും വൈഷ്ണവസംഹിതയിലും 'ചതുർവിംശത്യവതാരാഃ' എന്ന് 24 അവതാരങ്ങളെയാണ്

പറയുന്നതെങ്കിലും നമ്മൾ ദശാവതാരങ്ങൾ എന്നാണ് പറയാറുള്ളത്. ഈ പത്ത് അവതാരങ്ങളുടെ പ്രാധാന്യം എന്താണെന്ന് നോക്കാം. അതിന് വിഷ്ണു സങ്കല്പത്തെ വിശകലനം ചെയ്യേണ്ടതുണ്ട്.

വിഷ്ണു എന്ന പദം കേട്ടാൽ നമുക്ക് പാലാഴിയിൽ ആയിരം ഫണങ്ങൾ വിടർത്തിയിരിക്കുന്ന അനന്തനിൽ യോഗനിദ്ര ചെയ്യുന്നതും തലയ്ക്കൽ മഹാലക്ഷ്മിയും കാൽക്കൽ ഭൂമിദേവിയും ഉള്ളവനുമായ മഹാവിഷ്ണുവിനെയാണ് ഓർമ്മ വരിക. മഹാവിഷ്ണുവിന്റെ വിഗ്രഹത്തെ യോഗവിഷ്ണുവെന്നും ഭോഗവിഷ്ണുവെന്നും ചുറ്റുമുള്ള പാർഷദന്മാരുടെ എണ്ണവും വിഷ്ണുവിന്റെ കിടപ്പിന്റെ രീതിയും മറ്റും അനുസരിച്ച് രണ്ടായി തിരിക്കാം. വെള്ള നിറമുള്ള പാലാഴിയിൽ ആയിരം ഫണങ്ങൾ വിടർത്തിനില്ക്കുന്ന അനന്തനെന്ന സർപ്പരാജാവാകുന്ന കട്ടിലിൽ തലഭാഗത്ത് മഹാലക്ഷ്മിയോടും കാൽക്കൽ ഭൂമിയോടും കൂടി യോഗനിദ്രകൊള്ളുന്ന മഹാവിഷ്ണുവിന്റെ ചിത്രമാണ് മനസ്സിൽ ഓടിയെത്തുക. ഈ ചിത്രമൊന്ന് വിശകലനം ചെയ്തു നോക്കാം. ചിത്രങ്ങളിലൂടെ ആശയങ്ങൾ വ്യക്തമാക്കുവാനാണ് മഹർഷീശ്വരന്മാർ ശ്രമിച്ചിട്ടുള്ളത്. ചിത്രങ്ങൾ ആശയങ്ങളുടെ പ്രതീകങ്ങളാണ്. അതുകൊണ്ട് അമ്പലത്തിലെ മൂർത്തികളെ വിഗ്രഹങ്ങൾ എന്നു വിളിക്കുന്നു. വിശേഷേണ ഗ്രഹിക്കപ്പെടേണ്ടത് എന്നർത്ഥത്തിലാണ് വിഗ്രഹപദം. ഓരോ അമ്പലങ്ങളിലേയും വിഗ്രഹങ്ങളിലൂടെ നമ്മുടെ മഹർഷീശ്വരന്മാർ സംസാരിക്കുകയാണ്. അങ്ങനെ പരമസത്യത്തിന്റെ അംശത്തെ വെളിപ്പെടുത്താനാണ് വിഗ്രഹങ്ങൾ കൊത്തിയിട്ടുള്ളത്. അർത്ഥപൂർണ്ണമായ ഒരാശയമാണ് നമുക്ക് വിഗ്രഹത്തിൽനിന്നും കിട്ടുക. ഇപ്രകാരം മഹാവിഷ്ണുവിന്റെ ഈയൊരു വിഗ്രഹത്തിന്റെ അർത്ഥതലങ്ങളിലൂടെ നമുക്ക് കടന്നുപോകാം.

പാലാഴിയിലാണല്ലോ മഹാവിഷ്ണു യോഗനിദ്രയിൽ കിടക്കുന്നത്. ഈ പാലാഴിക്ക് വെളുപ്പ് നിറമാണ്. വെളുപ്പും കറുപ്പും ഒരു നിറമല്ല. എല്ലാ നിറങ്ങളും ഉദ്ഭവിക്കുന്ന സമയത്ത് വെളുപ്പും എല്ലാ നിറങ്ങളും ലയിക്കുമ്പോൾ കറുപ്പും സംജാതമാകുന്നു. അതുകൊണ്ട് എല്ലാ നിറങ്ങളുടെയും ഉദ്ഭാവസ്ഥാനം വെളുപ്പാകുന്നു. നിറങ്ങളാണ് രൂപങ്ങളായും വർണ്ണങ്ങളായും (ശബ്ദങ്ങൾ) പരിണമിക്കുന്നത്. അതുകൊണ്ട് ആവിഷ്കൃതപ്രപഞ്ചത്തിന്റെ ഉദ്ഭവസ്ഥാനമാണ് പാലാഴി. അവിടെ നമുക്ക് അനന്തമായ ഒരു സർപ്പത്തെ കാണാൻ സാധിക്കും. അനന്തമെന്നാൽ ആദിയും അന്തവുമില്ലാത്തത് എന്നർത്ഥം. അത് കാലമാണല്ലോ. അനന്തമായ കാലം സർ

പ്പംപോലെയാണ്. അത് ചിലപ്പോൾ വേഗത്തിൽ ഇഴയും. ചിലപ്പോൾ പതുക്കെ ഇഴയും. അതുകൊണ്ടാണ് അനന്തനെ സർപ്പമായി ചിത്രീകരിച്ചത്. ഈ കാലമാകുന്ന സർപ്പം അനന്തമായ രീതിയിൽ പുറത്തേയ്ക്ക് ആവിഷ്കരിച്ചിട്ടുണ്ട്. ആവിഷ്കൃതമായ കാലം നിവർന്ന ഫണങ്ങളായും ആവിഷ്കരിയ്ക്കപ്പെടാനുള്ളത് ചുറ്റുകളുമായിതീർന്നു. ആയിരം തലകളുള്ള അനന്തൻ എന്നാണ് പറയുന്നത്. ആവിഷ്കൃതമായ സമയത്തെ കുറിയ്ക്കാൻ തലകളെ കാണിച്ചതിന് ഒരു കാരണമുണ്ട്. ലോകത്തെ അറിയാനുള്ള പഞ്ചേന്ദ്രിയങ്ങൾ എല്ലാം ഉള്ളത് തലയിലാണ്. മാത്രമല്ല ഭ്രൂണത്തിലെ ഒരേ ബിന്ദുവിൽനിന്ന് ഉദ്ഭവിച്ച തലച്ചോറും ത്വക്കും തലയിൽതന്നെ. ഓരോരുത്തരുടെയും തലച്ചോറും ത്വക്കും പല രീതിയിലാണ് ലോകത്തെ നോക്കിക്കാണുന്നത്. മാത്രമല്ല, പല (ബഹു) രീതിയിൽ കാലം ലോകസങ്കല്പത്തെ അനാവരണം ചെയ്തിട്ടുമുണ്ട്. പല അഥവാ ബഹു എന്ന അർത്ഥത്തിൽ സഹസ്രശബ്ദം പ്രയോഗിയ്ക്കാറുള്ളതുകൊണ്ട് അനന്തൻ എന്ന സർപ്പത്തിനും ആയിരം ശിരസ്സുണ്ടെന്ന് പറയുന്നു. ഇപ്രകാരം അനന്തമായ സമയത്തെ പ്രതിനിധാനം ചെയ്യുന്ന അനന്തനെന്ന സർപ്പോപരി മഹാവിഷ്ണു പള്ളികൊള്ളുന്നു. വ്യാപ്നോതി (വ്യാപിച്ചു കിടക്കുന്നത്) എന്നർത്ഥമാണ് വിഷ്ണുവിനുള്ളത്. എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നത് സ്ഥലമാണ്. അതിനാൽ മഹാവിഷ്ണു എല്ലായിടത്തും വ്യാപിച്ചു കിടക്കുന്ന സ്ഥലം (Space) ആകുന്നു.

ശബ്ദത്തെ പ്രതിനിധാനം ചെയ്യുന്ന വെളുപ്പിലുള്ള അനന്തനാകുന്ന കാലത്തിന്റെയും (Time) മഹാവിഷ്ണുവാകുന്ന സ്ഥലത്തിന്റെയും (Space) അവിഛിന്നതയാണ് പ്രപഞ്ചോൽപ്പത്തിയുടെ അനാവൃതാവസ്ഥ. ഇപ്രകാരം അനാവൃതമാകുന്ന പ്രപഞ്ചം ഏറ്റവും സാന്ദ്രമായിട്ടുള്ള ഭൂതത്ത്വം വരെ എത്തും. അതുകൊണ്ട് ഭൂമിദേവി മഹാവിഷ്ണുവിന്റെ കാൽക്കലിരിക്കുന്നു. പിന്നീട് കാലത്തിനും സ്ഥലത്തിനും മുകളിലോട്ട് മാത്രമേ പരിണമിയ്ക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ മുകളിലോട്ട് പരിണമിച്ച് ഈശ്വരനായും ഐശ്വര്യമുള്ളതായും തീരും. അതുകൊണ്ട് മഹാവിഷ്ണുവിന്റെ തലയ്ക്കൽ ലക്ഷ്മീദേവി ഇരിയ്ക്കുന്നു. എവിടെയെല്ലാം സ്ഥല (Space) രൂപിയായ വിഷ്ണു അവതരിച്ചുവോ അവിടെയെല്ലാം സ്ഥല (Time) രൂപിയായ അനന്തനും അവതരിച്ചു. അനന്തശായിയായ മഹാവിഷ്ണു പ്രപഞ്ചമായി പരിണമിച്ച് നമ്മളായിത്തീർന്നു.

ഇനി ഓരോ അവതാരങ്ങളെയും വിശകലനം ചെയ്യാം. ശ്വാസം

ഇഡാനാഡിയിലൂടെ അകത്തേയ്ക്കും പിംഗളനാഡിയിലൂടെ പുറത്തേയ്ക്കും പോയിക്കൊണ്ടിരിയ്ക്കുന്ന നമ്മുടെ അവസ്ഥയിൽ ഈശ്വരനെത്തിയാൽ അത് മത്സ്യാവതാരം. ഇത്തരത്തിലുള്ള ശ്വാസത്തെ തന്ത്രശാസ്ത്രത്തിൽ മത്സ്യം എന്നാണ് പറയുന്നത്.

സാധാരണരീതിയിൽ ശ്വസിയ്ക്കുന്ന ഈ പ്രപഞ്ചമത്സ്യം വേണ്ട രീതിയിൽ കുറച്ചുകാലം ജീവിച്ചുകഴിയുമ്പോൾ ആദ്ധ്യാത്മികബോധം ഉണ്ടാകുകയും ശ്വാസനിയന്ത്രണപരിശീലനത്തിലൂടെ ഇന്ദ്രിയങ്ങൾ നിയന്ത്രണവിധേയമാകുകയും കർമേന്ദ്രിയജ്ഞാനേന്ദ്രിയങ്ങളെ വേണ്ട സമയത്ത് പുറത്തേയ്ക്ക് നീട്ടുവാനും അകത്തേയ്ക്ക് വലിയ്ക്കുവാനും പ്രാപ്തമാകുന്നു. ഇതാണ് കൂർമ്മാവതാരത്തിന്റെ അവസ്ഥ.

പ്രാണശക്തിയെ പൂർണ്ണമായി നിയന്ത്രിച്ചു കഴിഞ്ഞാൽ അത് നിൽക്കുന്ന മൂലാധാരമാകുന്ന ഭൂതത്ത്വത്തിൽ ചലനം തുടർച്ചയായി ഉണ്ടാക്കിയിട്ട് (പ്രാണൻ എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ) അന്തർലീനമായ ശക്തിയെ പുറത്തേയ്ക്ക് ആവിഷ്ക്കരിയ്ക്കും അതുകൊണ്ട് ഈ പ്രക്രിയ നടത്തി ശക്തിയെ ആവിഷ്ക്കരിക്കുന്ന അവസ്ഥയിൽ വരാഹാവതാരമാകുന്നു. ഭൂമിയെ സദാ കുത്തിയിളക്കുന്ന ജീവി വരാഹമെന്നത് ഓർക്കുക.

അങ്ങനെ ഭൂമിയിൽ അന്തർലീനമായിരിക്കുന്ന ശക്തി രാവും പകലും അല്ലാത്ത സമയത്ത് തൂണിൽനിന്ന് ആവിഷ്കൃതമാകും. രാവിൽ ഇഡനാഡിയിലൂടെ ശ്വാസം ഒഴുകുന്നു. പകൽ പിംഗളനാഡിയിലൂടെ ശ്വാസം ഒഴുകുന്നു. ഇഡപിംഗളനാഡികളിലൂടെ ശ്വാസം ഒഴുകാതെയിരിയ്ക്കുമ്പോൾ പ്രാണൻ ദണ്ഡവത്തായിതീരും. അങ്ങനെ ദണ്ഡ് പോലെയായിതീരുന്ന പ്രാണനാണ് തൂണ്. സന്ധ്യാസമയത്ത് ആ തൂണിൽനിന്നും അതിഭയങ്കരശബ്ദത്തോടെ പകുതി മനുഷ്യനും പകുതി സിംഹവുമായ നരസിംഹാവതാരമുണ്ടായി. ഈശ്വരാനുഗ്രഹത്തിന്റെ പ്രതീകമായ സിംഹവും പ്രയത്നത്തിന്റെ പ്രതീകമായ മനുഷ്യനും കൂടി ചേരുമ്പോൾ മൂലാധാരത്തിൽ നിന്ന് ഉയർന്നുവന്ന ശക്തിയെന്ന നമ്മുടെ ബോധത്തെ വയറ്റിൽനിന്നും വക്ഷസ്സിൽനിന്നും ഉയർത്തി കൊണ്ടുവരുന്നു എന്നതിനെ കാണിക്കുകയാണ് ഹരികശിപുവിന്റെ വയറിനെയും വക്ഷസ്സിനെയും പിളർക്കുന്നതിലൂടെ നരസിംഹമൂർത്തി ചെയ്യുന്നത്.

അങ്ങനെ ബോധം ഊർദ്ധ്വഗതിയുള്ളതായിത്തീരുമ്പോൾ നമുക്ക് ഈശ്വരബോധത്തെക്കുറിച്ച് ചെറിയ രീതിയിലുള്ള അറിവ് ഉണ്ടാകും. ആ

ചെറിയ രീതിയിലുള്ള ഈശ്വരബോധാവസ്ഥയാണ് വാമനാവതാരം.

### പരശുരാമൻ

അത്തരത്തിലുള്ള ചെറിയ തരത്തിലുള്ള ഈശ്വരബോധം ഉണ്ടായാൽ ബുദ്ധിയാകുന്ന മഴുകൊണ്ട് ഈശ്വരബോധത്തിൽനിന്ന് വ്യതിചലിയ്ക്കുന്നതിനെയെല്ലാം വെട്ടിമാറ്റി തിരിച്ച് ആ ബോധത്തിലേയ്ക്ക് ലയിപ്പിക്കുന്നതാണ് പരശുരാമാവതാരം.

### ശ്രീരാമൻ

അങ്ങനെയുള്ള ബോധം ഈശ്വരീയമാണെന്നും ഐശ്വര്യമുള്ളതാണെന്നും മനസ്സിലാക്കി അതിൽ അഭിരമിയ്ക്കാൻ തുടങ്ങുന്ന പ്രപഞ്ചാവസ്ഥയാണ് ശ്രീരാമാവതാരം.

### ബലരാമൻ

ഈ ഐശ്വര്യയുക്തമായ ഈശ്വരീയതയാണ് തന്റെ ബലവും സർവ്വശക്തിയും എന്ന് മനസ്സിലാക്കി അതിൽ രമിയ്ക്കുന്ന അവസ്ഥയാണ് ബലരാമാവതാരം.

### ശ്രീകൃഷ്ണൻ

പരിപൂർണ്ണമായ ആ ബലത്തിൽ അഭിരമിച്ച് കഴിയുമ്പോൾ ഈശ്വരീയബോധം പൂർണ്ണമായ ബോധത്തിലേയ്ക്ക് പരിണമിയ്ക്കുന്നു. ആ പരിപൂർണ്ണബോധശക്തിയായ ശ്രീകൃഷ്ണപരമാത്മാവ് ആനന്ദനൃത്തം വയ്ക്കുകയും സഹസ്രാരപദ്മത്തിലെ കുണ്ഡലിനീശക്തിയായ രാധാദേവിയുമായി രാസലീലയാടുകയും ചെയ്യുന്നു. ഈ അവസ്ഥയാണ് ശ്രീകൃഷ്ണാവതാരം.

### കൽക്കി

ഇപ്രകാരം ഏറ്റവും മുകളിൽ എത്തിയാൽ താഴോട്ട് വരികയല്ലാതെ വേറെ നിവർത്തിയില്ലാത്തതുകൊണ്ട് ശ്വാസമാകുന്ന കുതിരയിൽ കയറി ജ്ഞാനമാകുന്ന വാളും പിടിച്ച് ആ ബോധശക്തി താഴോട്ട് വരുന്നു. അപ്രകാരം വന്ന് മേൽപറഞ്ഞ ആനന്ദനൃത്തത്തിൽ പങ്കെടുക്കാത്ത ഏതെങ്കിലും ശരീരകോശങ്ങൾ ഉണ്ടെങ്കിൽ ആ ദുഷ്ടശക്തികളെ മുഴുവൻ ജ്ഞാനമാകുന്ന വാളുകൊണ്ട് ഇല്ലാതാക്കി ശരീരകോശങ്ങളിലേയ്ക്ക് ആനന്ദത്തിന്റെ അമൃതബിന്ദുക്കളെ പൊഴിക്കുന്നത് കൽക്കി എന്ന അവതാരം.

ഈ പത്ത് അവതാരങ്ങളുടെ ഉദ്ദേശ്യങ്ങളെ മനസ്സിലാക്കി അവയു

ടെ ആന്തരികതലങ്ങളിലൂടെ കടന്നുപോയാൽ യോഗപരിപൂർണ്ണതയിൽ എത്തിച്ചേരും.

ദേവീപരമായ കർമ്മം ചെയ്യുമ്പോൾ ഈ പത്ത് അവസ്ഥകളിലൂടെയും കടന്നുപോകുമെന്നും ഈ ദേവീനാമം ദ്യോതിപ്പിക്കുന്നു.

(തുടരും)

# തന്ത്രശാസ്ത്രം : ഒരവലോകനം

ഡോ. അജിതൻ പി.ഐ., ശ്രീപുരം താന്ത്രിക ഗവേഷണകേന്ദ്രം

തന്ത്രം എന്നത് വിശാലമായ ഒട്ടേറെ അർത്ഥങ്ങളുള്ള ഒരു വാക്കാണ്. കോശങ്ങളിലും നിഘണ്ടുക്കളിലും നിരവധി അർത്ഥങ്ങൾ ഈ വാക്കിന് പറഞ്ഞു കാണുന്നുണ്ട്. എന്നാൽ ഇവിടെ തന്ത്രം എന്ന് ഉപയോഗിക്കാൻ പോവുന്നത് തന്ത്രശാസ്ത്രം, താന്ത്രിക പാരമ്പര്യം, തന്ത്രവിദ്യ എന്നൊക്കെയുള്ള ഇപ്പോൾ ഏറെ പ്രചാരത്തിലുള്ള അർത്ഥത്തിലാണ്. ഇതുതന്നെ ഒന്നുകൂടി സ്പഷ്ടമാക്കിയാൽ വേറിട്ട ഒരു അദ്ധ്യാത്മിക പന്ഥാവ്; ആത്മജ്ഞാനത്തിനുള്ള വഴി എന്ന അർത്ഥത്തിലാണ് ഈ ലേഖനത്തിലുടനീളം തന്ത്രം എന്നു പ്രയോഗിക്കാൻ പോകുന്നത്. പ്രാദേശിക ഭേദമനുസരിച്ച് തന്ത്രം എന്ന വാക്കിന്റെ അർത്ഥതലങ്ങൾ മാറും. കേരളത്തിൽ തന്ത്രം എന്നത് ക്ഷേത്രവുമായി ബന്ധപ്പെട്ട ആചാരവിശേഷങ്ങളാണ്. എന്നാൽ വടക്കേ ഇന്ത്യയിൽ ആഭിചാരകർമ്മങ്ങളടങ്ങിയ മന്ത്രവാദ പ്രയോഗങ്ങളാണ്. തന്ത്രശാസ്ത്രത്തിന് ഒരാമുഖം നല്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

തന്ത്രം ആശ്ചര്യജനകമാംവിധം വിശാലതയേറിയ ഒന്നാണ്. ഇതിന്റെ അവാന്തര വിഭാഗങ്ങൾ, പ്രാദേശികമായ അതിർവരമ്പുകൾ കടന്നുള്ള വ്യാപ്തി ഇതൊക്കെ മനസ്സിലാകുമ്പോഴേ തന്ത്രത്തിന്റെ ആഴവും പരപ്പും മനസ്സിലാവൂ. തന്ത്രത്തിന്റെ നിലനില്പ് വാമൊഴി, ഗ്രന്ഥപാരമ്പര്യങ്ങളിലൂടെയാണ്. വാമൊഴി പാരമ്പര്യത്തിൽ തന്ത്രത്തിന്റെ നിത്യ, നൈമിത്തിക, കാമ്യ, പ്രായശ്ചിത്തങ്ങളായ എല്ലാ ആചാരങ്ങളും ഉൾപ്പെടുന്നു. ഗ്രന്ഥപാരമ്പര്യമാകട്ടേ, വാമൊഴിപാരമ്പര്യത്തിന്റെ അടിത്തറയിൽ നിലകൊള്ളുന്ന ഒന്നാണ്. ഈ രണ്ടു സ്രോതസ്സുകളിലും അവഗാഹമുണ്ടെങ്കിൽ മാത്രമേ തന്ത്രം യഥാതഥമായി മനസ്സിലാക്കാൻ പറ്റൂ. എങ്കിലും പല പാരമ്പര്യങ്ങളും ഇന്ന് നാമാവശേഷമായതിനാൽ ഗ്രന്ഥ

ങ്ങളുടേയും, ശിലാലിഖിതങ്ങളുടേയും മറ്റും സഹായത്തോടെ മാത്രമേ ഇന്ന് തന്ത്രത്തിന്റെ ചരിത്രപരമായ വികാസവും പ്രത്യേകതകളും മനസ്സിലാക്കാനാവൂ.

## യോഗ്യത

ശാസ്ത്രത്തിന്റെ രീതിയനുസരിച്ച് ആരാണ് ഇത് പഠിക്കാൻ യോഗ്യനായവൻ എന്ന് ആദ്യമേതന്നെ പറയേണ്ടിയിരിക്കുന്നു. ഇതിന് യോഗ്യനായി കണക്കാക്കപ്പെടുന്നത് വിധിയാംവണ്ണം ദീക്ഷ ലഭിച്ച ഒരാളെയാണ്. ദീക്ഷയിലൂടെയാണ് ഗുരു അഥവാ ആചാര്യൻ തന്റെ ശിഷ്യനെ തന്ത്രശാസ്ത്രപഠനത്തിന് അവകാശിയാക്കിത്തീർക്കുന്നത്. ദീക്ഷ നൽകുന്ന ആളെയാണ് തന്ത്രത്തിൽ ഗുരു എന്നു വിളിക്കുന്നത്. യോഗ്യനായ ഗുരുവിൽനിന്ന് യോഗ്യനായ ശിഷ്യനിലേക്കുള്ള പാരമ്പര്യത്തിന്റെ പകർച്ചയാണ് ദീക്ഷയെന്ന് ചുരുക്കിപ്പറയാം. ദീക്ഷാനന്തരം ശിഷ്യൻ അനുഷ്ഠിക്കേണ്ടതായ ആചാരവിധികളാണ് "സമയാചാരം' എന്നറിയപ്പെടുന്നത്.

ദീക്ഷിതനായ ഒരാൾ ഗുരുമുഖത്തുനിന്നും, സ്വാദ്ധ്യായംകൊണ്ടും തന്ത്രത്തിന്റെ ശാസ്ത്രപരവും പ്രയോഗികവുമായ വശങ്ങൾ മനസ്സിലാക്കുന്നു. ക്രമേണ അയാൾ സമയൻ, പുത്രകൻ, സാധകൻ എന്നീ തലങ്ങളിലൂടെ ഉയർന്ന് ആചാര്യപദവിയിലെത്തുന്നു. തുടർന്ന് ആചാര്യൻ യോഗ്യനായ ഒരാളിലേക്ക് തന്റെ അറിവും അനുഭവവും സംക്രമിപ്പിക്കുന്നു. ഇതാണ് തന്ത്രപാരമ്പര്യം.

തന്ത്രത്തിന്റെ വ്യാപ്തി കേവലം ഇന്ത്യയിൽമാത്രം ഒതുങ്ങുന്നതല്ല. തെക്കേ ഏഷ്യൻ രാഷ്ട്രങ്ങളെന്നറിയപ്പെടുന്ന ശ്രീലങ്ക, പാക്കിസ്ഥാൻ, നേപ്പാൾ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലും കൂടാതെ, ഇന്തോനീഷ്യ, കംബോഡിയ എന്നീ പ്രദേശങ്ങളിലും ഇതിന് വ്യാപ്തിയുണ്ടായിരുന്നതായി ചരിത്രഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ വളരെ വിശാലമായ ഒരു ഭൂപ്രദേശത്ത് നിലവിലുണ്ടായിരുന്ന ഒന്നാണ് തന്ത്രം.

## തന്ത്രം ശാസ്ത്രം എന്ന നിലയിൽ

പ്രാചീനകാലത്ത് തന്ത്രത്തിന് ഒരു ശാസ്ത്രത്തിന്റെ കെട്ടും മട്ടും ഉണ്ടായിരുന്നോയെന്നത് സംശയാസ്പദമാണ്. ശാസ്ത്രീയമായ ഒരു അടിത്തറ കൈവരുന്നത് ഏതാണ്ട് എ.ഡി 8-ാം നൂറ്റാണ്ടോടുകൂടിയായിരിക്കാം. കാശ്മീർ ഇന്ത്യയുടെ വൈജ്ഞാനിക കേന്ദ്രം ആയിത്തീർന്നതോടെ അ

വിടെയുണ്ടായതും വികസിച്ചതുമായ താന്ത്രികപാരമ്പര്യങ്ങൾക്ക് ഒരു ശാസ്ത്രീയത കൈവന്നിട്ടുണ്ടാവണം എന്നുവേണം പറയാൻ. തുടർന്നിങ്ങോട്ട് സോമാനന്ദൻ തുടങ്ങി ക്ഷേമരാജൻ വരെയുള്ള ഒരു മഹത് പാരമ്പര്യത്തിന്റെ കണ്ണികളായ മഹാരഥന്മാരെല്ലാംതന്നെ തന്ത്രത്തിനൊരു ശാസ്ത്രീയമായ അടിത്തറ നൽകുന്നതിൽ വഹിച്ചിട്ടുള്ള പങ്ക് ചെറുതൊന്നുമല്ല. തന്ത്രത്തിന്റെ വൈജ്ഞാനിക ശാഖയെന്ന നിലയിലുള്ള ഊർജ്ജിതവും അസൂയാവഹവുമായിട്ടുള്ള വളർച്ച കാശ്മീരിൽ എ.ഡി 13-ാം നൂറ്റാണ്ടുവരെ നിലനിന്നതായി കണക്കാക്കപ്പെടുന്നു. മുസ്ലീം അക്രമത്തോടെ അവിടെ തന്ത്രത്തിന്റെ പ്രഭാവം ഏതാണ്ട് പൂർണ്ണമായും അസ്തമിച്ചു. തുടർന്നുള്ള തന്ത്രത്തിന്റെ വികാസപരിണാമങ്ങൾ തെക്കേ ഇന്ത്യയിലായിരുന്നുവെന്നാണ് അഭിജ്ഞമതം. എന്തുതന്നെയായാലും ഇന്ത്യയിൽ ഇന്നും പലതരത്തിലുള്ള താന്ത്രിക സമ്പ്രദായങ്ങൾ നിലവിലുണ്ട്.

## തന്ത്രത്തിലെ വിഭാഗങ്ങൾ

തന്ത്രത്തിൽ പ്രധാനമായും മൂന്നു ധാരകളാണുള്ളത്. അവ യഥാക്രമം ശൈവം, വൈഷ്ണവം, ശാക്തം എന്നിങ്ങനെയാണ്. ശൈവം എന്നത് പേരു സൂചിപ്പിക്കുന്നതുപോലെ ശിവൻ പ്രധാനമായി വരുന്ന അല്ലെങ്കിൽ ശൈവതത്ത്വങ്ങൾ പ്രധാനമായി കണക്കാക്കുന്ന സമ്പ്രദായങ്ങളാണ്. അതുപോലെത്തന്നെ മറ്റു രണ്ടു സമ്പ്രദായങ്ങളും. ശാക്തത്തിൽ ശക്തി പ്രധാനമായി വരുന്നുവെങ്കിലും ഭാഗികമായി ഇത് ശൈവത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഇവ മൂന്നുംതന്നെ പല അവാന്തരവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നു.

## ശൈവം

ശൈവം പ്രധാനമായും രണ്ടായി തിരിച്ചിരിക്കുന്നു. അതിമാർഗ്ഗം, മന്ത്രമാർഗ്ഗം എന്നിങ്ങനെ. അതിമാർഗ്ഗം വൈദികമായ എല്ലാ ചട്ടക്കൂട്ടുകളേയും ഉല്ലംഘിക്കുന്നു. ഇതിൽ പാശുപതം, കാപാലികം തുടങ്ങിയ അവാന്തരവിഭാഗങ്ങൾ ഉൾപ്പെടുന്നു. പാശുപതസമ്പ്രദായത്തിലെ പാശുപതസൂത്രമാണ് ഇന്ന് ഉപലഭ്യമായതിൽ ഏറ്റവും പഴയതെന്ന് കരുതപ്പെടുന്ന തന്ത്രഗ്രന്ഥം.

മന്ത്രമാർഗ്ഗം പ്രധാനമായും 5 ആയി തിരിച്ചിരിക്കുന്നു. ഭൂതം, വാമം, ഭൈരവം, ഗാരുഡം, സിദ്ധാന്തം എന്നിങ്ങനെയാണവ. ഇതിൽ ഭൂതവും ഗാരുഡവും ഇന്ന് നിലവിലില്ല. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ഭൈരവ, സിദ്ധാന്ത സമ്പ്രദായങ്ങളാണ്.

ഭൈരവാഗമങ്ങൾ പ്രധാനമായും രണ്ടായി പിരിയുന്നു. മന്ത്രപീഠം, വിദ്യാപീഠം എന്നിങ്ങനെ. വിദ്യാപീഠം വീണ്ടും ശക്തിതന്ത്രങ്ങൾ, യാമളതന്ത്രങ്ങൾ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ശക്തിതന്ത്രങ്ങൾ; ത്രികതന്ത്രങ്ങൾ, കാളീതന്ത്രങ്ങൾ എന്നിങ്ങനെ വീണ്ടും വിഭജിക്കപ്പെടുന്നു. ഏറെ സങ്കീർണ്ണമാണ് ഇതിന്റെ വിഭജനരീതിയും, അതുപോലെത്തന്നെ മുൻപറഞ്ഞ ഓരോ സമ്പ്രദായത്തിന്റെ പ്രത്യേകതകളും. അതിനാൽ ഇവിടെ ഒന്നുംതന്നെ വിസ്തരിച്ച് പറയാൻ ഉദ്യമിക്കുന്നില്ല.

(തുടരും)

## ചണ്ഡീരഹസ്യം (ശ്രീ നീലകണ്ഠദീക്ഷിത വിരചിതം)

സമ്പാദകൻ : ദാമോദർ നാരായണൻ സി.എൻ.

കഴിഞ്ഞലക്കം തുടർച്ച

13. പാദൗ ബഭ്രുവ തവ പദ്മഭവസ്തതഃ കിം
ബാഹ്വാത്മനാ പരിണനാമ ഹരിസ്തഃ കിം
സിദ്ധാ നിതംബവിധയാ വസുധാ യദാ തേ
സിദ്ധസ്തദാ പുരഹരസ്യ മനോരഥോയം.

ബ്രഹ്മാവ് അവിടത്തെ കാലുകളായിത്തീരുകയോ വിഷ്ണു അവിടുത്തെ കൈകളായിത്തീരുകയോ ചെയ്തപ്പോഴല്ല മറിച്ച് ഭൂമീദേവി അവിടത്തെ നിതംബങ്ങളായി മാറിയപ്പോഴാണ് ശിവൻ സന്തോഷവാനായിത്തീർന്നത്.

14. യദ്വാരുണം കഥിതമൂരുയുഗം സജങ്ഘ-
മിന്ദീവരച്ഛദ സകാന്തി ന വാരുണം തത്
പ്രാചേതസം തദിഹ വർണ്ണയിതും ക്ഷമേത
പ്രാചേതസം കവികുലപ്രഥമം വിനാകഃ

അവിടുത്തെ യാതൊരു തുടകളും കണങ്കാലുകളുമാണോ വരുണതേജസാൽ നിർമ്മിതമായത്. അത് ചുവന്ന നിറമല്ല കരിങ്കുവളപ്പൂവിന്റെ നിറത്തോടുകൂടിയതാകുന്നു. അതിനെ വർണ്ണിക്കാൻ ആദികവിയായ വാല്മീകിയില്ലാതെ ആരാണ് സമർത്ഥൻ.

15. വക്ത്രൈരകൃത്രിമ വചാംസി വഹൻ വിഷണ്ണോ
വേധാശ്ചിരം വിപരിണമ്യ പദാത്മനാ തേ.
സംധാര്യതേഽദ്യ ശിരസാ സകലൈരമീഭിഃ
ക്ലിഷ്ടശ്ചിരാത്കിമുപയാതു ന ജാതു ഹർഷം.

സ്വന്തം മുഖത്താൽ സകലവേദങ്ങളേയും താങ്ങിയിരുന്നിരുന്ന ബ്ര ഹ്മാവ് അവിടുത്തെ പാദങ്ങളായി മാറിയപ്പോൾ അവയെ ശിരസ്സിനാൽ താങ്ങുന്നു. ഒരുപാടു കാലത്തെ ആ ഭാരം ഒഴിഞ്ഞപ്പോൾ ബ്രഹ്മാവുപോലും ഒന്നു സന്തോഷിക്കുകയും ചെയ്തു.

16. ബാഹ്യം തമോഹരതിയ സ്തപനഃ കഥഞ്ചിൽ
പാദൗ തവാങ്ഗുലിതയാ ഭജൻ സ ഏവ.
അന്തസ്തമാംസി ച ഹരത്യതിദുർഹരാണി
കിം സേവ്യസേവനവിധിർന്ന കരോതി പുംസാം?

ബാഹ്യമായ എല്ലാ ഇരുട്ടിനെയും നീക്കുന്ന ആ സൂര്യൻ അവിടുത്തെ കാൽവിരലുകളായി മാറി ആ സൂര്യൻ. അവിടത്തെ ആശ്രയിച്ച് ആന്തരി കമായ ഇരുട്ടിനെയും നീക്കുവാൻ പ്രാപ്തനായി മാറി. സേവിയ്ക്കപ്പെടുവാൻ യോഗ്യയായ ദേവിയെ സേവിയ്ക്കുന്ന സൂര്യൻ മനുഷ്യരെ എന്തുതന്നെ ചെയ്യില്ല.

17. ദേവേഷു വാസവമുഖേഷു നിജാം നിധായ
ശക്തിം യദംബ സമയേ പുനരഗ്രഹീസ്ത്വം
കർപ്പൂരഭാജനനയാദധുനാപി തേ തേ
കീർത്തിം വഹന്തി കിയതാമപി താവദൈവ.

ഹേ ദേവി, അവിടുന്ന് ഒരുനാൾ സ്വശക്തിയെ ദേവന്മാർക്കു കൊടു ത്തിട്ട് കുറച്ചു സമയത്തിനുശേഷം തിരിച്ചെടുത്തിരുന്നു. എന്നാൽ ആ ശ ക്തി നിക്ഷേപത്താൽ ഉണ്ടായ കീർത്തി ഇന്നും അവരിൽ നിലനില്ക്കുന്നു. ഏതുപോലെയാണോ കർപ്പൂരം ഇട്ടുവച്ചിരിക്കുന്ന പെട്ടിയിൽ അത് മാറ്റി യശേഷവും മണം നിലനില്ക്കുന്നത് അതുപോലെയാണിത്.

18. തേജാംസി ച പ്രകരണാനി ച യാനി യാനി
ദേവേഷു ദേവി നിഹിതാനി പുരാ ഭവത്യാ
താന്യേവ നിഷ്ഫലതരാണി തദാശ്രിതാനി
ത്വത് സ്വീകൃതാനി ഫലവന്തി ബഭ്രുവുരിത്ഥം.

അല്ലയോ ദേവി, പണ്ട് അവിടുന്ന് ദേവന്മാർ വരമായികൊടുത്ത ആയു

ധങ്ങൾ അവരുടെ കൈയിൽ ഇരുന്നിരുന്നപ്പോൾ ഉപയോഗശൂന്യമായിരുന്നു. തിരിച്ച് അവർ ആ ആയുധങ്ങളെ അവിടുത്തേയ്ക്ക് സമർപ്പിച്ചപ്പോഴാണ് അവ മഹിഷാസുരനിഗ്രഹത്തിന് ഉപയോഗയോഗ്യമായത്.

19. ശക്ത്യാ യയാ ദിവിചരാ അതിശേരതേ/സ്മാൻ
സാ ച ത്വമിത്യവഗതഃ സകലൈശ്ച തജ്ഞൈഃ
കിം ത്വം വിചാരകുശലൈരസി സേവനീയാ
കിം ദേവതാസ്തവ ഋജീഷദശാം പ്രപന്നാഃ.

യാതൊരു ശക്തിയാലാണോ ദേവന്മാർ ഞങ്ങൾ മനുഷ്യരെ അതിശയിപ്പിക്കുന്നത് ആ ശക്തി അവിടുന്നുതന്നെയാകുന്നു. അവിടുന്ന് അതിബുദ്ധിമാന്മാരാൽ സേവിക്കപ്പെടുന്നവളാണോ? അല്ലെങ്കിൽ ദേവീശക്തി സംഭരിച്ചുവയ്ക്കുന്ന പാത്രമാണോ?

20. ഇന്ദ്രം യജന്തു തവ ഗർഭമുപാസതേ തേ
വഹ്നിം യജന്തു നയനേ തവ തർപ്പയന്തി
ഭാനും നമന്തു വിനമന്തി പദാംബുജം തേ
സർവ്വം ജഗന്നനു സമർച്ചതി സർവ്വഥാ ത്വാം.

ഇന്ദ്രനെ സേവിക്കുമ്പോൾ അവിടുത്തെ ഉദരത്തെ സേവിക്കുന്നു. അഗ്നിയിൽ ഹോമിക്കുമ്പോൾ അവിടുത്തെ കണ്ണുകളിൽ തർപ്പിക്കുന്നു. ചന്ദ്രനെ നമിക്കുമ്പോൾ അവിടുത്തെ പാദപത്മങ്ങളെ നമിക്കുന്നു. എല്ലാ ലോകങ്ങളും എല്ലായ്പ്പോഴും അവിടുത്തെ പൂജിക്കുന്നു.

21. കേചിത് പ്രതീകമിതരേ തു സമഗ്രരൂപം
ആരാധയന്തി തവ യേ പുനരാസ്തികാഃ സ്യുഃ
നാസ്തിക്യവാദനിരതാ നരകേ പതന്തോ-
/പ്യംബ സ്തുവന്തി ചികുരാത്മകമന്തകേന.

ഹേ ദേവി, ആസ്തികരായവരിൽ ചിലർ അവിടുത്തെ പ്രതീകത്തെയും മറ്റു ചിലർ അവിടുത്തെ പൂർണ്ണരൂപത്തേയും ആരാധിക്കുന്നു. നാസ്തികരും നരകത്തിൽ പതിച്ച് അവിടുത്തെ കാർകുന്തളുകളായി മാറിയ യമനെ ആശ്രയിക്കുന്നു.

22. ശൗരിം വിബോധ്യ സമരായ തമുദ്യമയ്യ
വ്യാമോഹ്യ ദാനവവരൗ കൃതസംവിധാനാ
മാതസ്ത്വമേവ മധുകൈടഭയോർന്നിഹന്ത്രീ
ശാർങ്ഗീകൃതേ ശസ്തൃപദാഭിഷിക്തഃ.

മഹാവിഷ്ണുവിനെ യുദ്ധത്തിനായി ഉണർത്തിയശേഷം മധുകൈടഭന്മാരെ മോഹിപ്പിച്ച് നിഗ്രഹിച്ചത് അവിടുന്നുതന്നെയാണ്. ഹേ ദേവി, ശാർങ്ഗ്ഗി അവിടുത്തെ ആയുധം മാത്രമായിരുന്നു. ദേവിയുടെ പ്രേരണ കാരണം മാത്രമാണ് വിഷ്ണുവിന് അവരെ നിഗ്രഹിക്കാനായത് എന്നു സാരം.

(തുടരും)

# ഭഗവദ്ഗീതാ - ഒരു പുനർവായന **(8)**

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

അഭിനവഗുപ്തപാദാചാര്യരുടെ വ്യാഖ്യാനം.

*സഞ്ജയ ഉവാച*

2. *ദൃഷ്ട്വാ തു പാണ്ഡവാനീകം വ്യൂഢം ദുര്യോധനസ്തദാ*
*ആചാര്യമുപസംഗമ്യ രാജാ വചനമബ്രവീത്.*

അർത്ഥം : മഹാരാജാവായ ദുര്യോധനൻ അണിനിരന്ന പാണ്ഡവ സൈന്യത്തെ കണ്ടിട്ട് ആചാര്യനെ സമീപിച്ച് ഈ വാക്കുകൾ പറഞ്ഞു.

ഭീഷ്മപിതാമഹനാണ് കൗരവരുടെ സേനാപതി. എന്നിരുന്നാലും ദ്രോണാചാര്യസമീപമാണ് ദുര്യോധനൻ ചെന്നത്. ഇത് വളരെ ശ്രദ്ധേയമായ കാര്യമാണ്. യുദ്ധം തുടങ്ങുന്നതിനുമുമ്പ് രാജാവ് സേനാപതിയുടെ സമീപത്തിലേയ്ക്കാണ് പോകേണ്ടത്. എന്നാൽ തൊട്ടടുത്ത് നില്ക്കുന്ന സേനാപതിയായ ഭീഷ്മപിതാമഹനെ സമീപിക്കാതെ ദ്രോണാചാര്യനെ ചെന്നു കണ്ടതും ദുര്യോധനന്റെ അദ്ദേഹത്തോടുള്ള വാക്കുകളും ശ്രദ്ധിക്കുക.

*ദുര്യോധനോവാച*

3. *പശ്യൈതാം പാണ്ഡുപുത്രാണാം ആചാര്യ മഹതീം ചമൂം*
*വ്യൂഢാം ദ്രുപദപുത്രേണ തവ ശിഷ്യേണ ധീമതാ.*

അർത്ഥം : അല്ലയോ പാണ്ഡുപുത്രന്മാരുടെ ആചാര്യ! അങ്ങയുടെ ശിഷ്യനും ബുദ്ധിമാനുമായ ദ്രുപദപുത്രനാൽ വിന്യസിയ്ക്കപ്പെട്ടിരിക്കുന്ന ഈ മഹാസൈന്യത്തെ നോക്കൂ.

ഇവിടെ ദുര്യോധനന്റെ ഈ ഉക്തി വളരെ നിഷ്കളങ്കമായ ഒന്നായി ട്ടെ പ്രഥമ ശ്രവണത്തിൽ തോന്നുകയുള്ളൂ. എന്നാൽ അതിലെ വാക്കുകൾ പരിശോധിക്കുകയാണെങ്കിൽ സ്വന്തം ഗുരുവിന്റെ മനസ്സിനെ നോവി ക്കുന്നതായി കാണാം. 'പാണ്ഡുപുത്രാണാം ആചാര്യ' എന്ന സംബോധ നയിൽനിന്ന് ഭംഗ്യന്തരേണ അങ്ങയുടെ കൂറ് പാണ്ഡവരിലും ചോറ് ഇ വിടെയും ആണെന്ന് അറിയിക്കുകയാണ് എന്ന് മനസ്സിലാക്കാം. ദ്രോ ണാചാര്യരുടെ പ്രിയശിഷ്യൻ അർജ്ജുനനും അദ്ദേഹം മനസ്സിൽ കണ്ടിരി ക്കുന്നത് പാണ്ഡവജയവുമാണെന്ന് ദുര്യോധൻ മനസ്സിലാക്കുന്നുണ്ടെന്ന് ഇതിൽനിന്ന് വ്യക്തം.

ഈയൊരു സന്ദർഭത്തിൽ ദുര്യോധനന്റെയും യുധിഷ്ഠിരന്റെയും സ്വ ഭാവവ്യത്യാസവും കാണുവാൻ സാധിയ്ക്കുന്നുണ്ട്. യുദ്ധത്തിനു മുമ്പായി ദു ര്യോധനന്റെ ചെയ്തി ഇതാണെങ്കിൽ യുധിഷ്ഠിരൻ കിരീടം അഴിച്ചുവച്ച് ഗുരുപാദങ്ങളിൽ താണുവണങ്ങുകയാണ് ചെയ്തത്.

ഈ ശ്ലോകത്തിൽ ഭാരതീയ സംസ്കൃതിയുടെ മറ്റൊരു ഏട് ദർശിയ്ക്കു വാൻ സാധിക്കും. 'തവ ശിഷ്യേണ ദ്രുപദപുത്രേണ' എന്നതുകൊണ്ട് ദ്രുപ ദപുത്രനായ ധൃഷ്ടദ്യുമ്നൻ ദ്രോണാചാര്യന്റെ ശിഷ്യനാണ് എന്ന് നമ്മളെ ഓർമ്മിപ്പിക്കുന്നു. ദ്രോണാചാര്യനും ദ്രുപദനും പരസ്പരം ശത്രുക്കളാണ്. ദ്രോണാചാര്യനെ നിഗ്രഹിയ്ക്കാൻ ദ്രുപദൻ ഹോമം നടത്തിയാണ് ധൃഷ്ടദ്യു മ്നനെ സൃഷ്ടിച്ചത്. ഇതുപോലെ ഹോമാഗ്നിയിൽനിന്ന് ജന്മംകൊണ്ട മറ്റു രണ്ടുപേരെ മഹാഭാരതത്തിൽ കാണാം. അവരാണ് പാഞ്ചാലിയും ശിഖ ണ്ഡിയും. സ്ത്രീയ്ക്ക് ജനിയ്ക്കാത്തവരായ ഇവർ ജനനോദ്ദേശ്യം പൂർത്തീകരി ച്ചാണ് മടങ്ങുക. അതുകൊണ്ട് ധൃഷ്ടദ്യുമ്നൻ എന്ന സ്വന്തം ശത്രുവായ ദ്രുപദ ന്റെ പുത്രൻ തന്നെ വധിയ്ക്കും എന്നത് തീർച്ചയാണെന്ന് മനസ്സിലാക്കിയി ട്ടും ധൃഷ്ടദ്യുമ്നനെ ശിഷ്യനാക്കാൻ ഒരു മടിയും ദ്രോണാചാര്യർ കാണിച്ചില്ല. യോഗവിദ്യയിലൂടെ അനേകം ആയുധങ്ങൾ സമ്പാദിച്ച അദ്ദേഹം യോ ഗിയുമാണ്. അതുകൊണ്ട് നിയോഗമനുസരിച്ചാണ് ഓരോരുത്തരുടെയും ജീവിതത്തിൽ ഓരോന്നും സംഭവിയ്ക്കുക എന്ന് മനസ്സിലാക്കുകയും സു നിശ്ചിതമായ ഭാവിയെ സത്യമായി അംഗീകരിച്ച് ഈ നിമിഷത്തിൽ തന്നിൽ അർപ്പിതമായ കർത്തവ്യം കൃത്യമായി നിർവ്വഹിയ്ക്കുന്നു. ഈ യൊരു ഭാരതീയ സംസ്കൃതിയെ ഉൾക്കൊണ്ടാണ് ദ്രോണാചാര്യൻ ശത്രു വായ ദ്രുപദന്റെ പുത്രനും തന്നെ തീർച്ചയായും കൊല്ലാൻവേണ്ടി ജനിച്ച വനുമായ ധൃഷ്ടദ്യുമ്നനെ ശിഷ്യനാക്കിയത്.

4. അത്ര ശൂരാ മഹേഷ്വാസാ ഭീമാർജ്ജുനസമാ യുധി

യുയുധാനോ വിരാടശ്ച ദ്രുപദശ്ച മഹാരഥഃ.

അർത്ഥം : ഇവിടെ യുദ്ധത്തിൽ ഭീമാർജ്ജനന്മാർക്ക് തുല്യരും വലിയ ശരങ്ങൾ പ്രയോഗിക്കുവാൻ കഴിവുള്ളവരുമായ ശൂരന്മാർ ഉണ്ട്. കൂടാതെ യുയുധാനനും വിരാടനും മഹാരഥനായ ദ്രുപദനും ഉണ്ട്.

പ്രതിയോഗികളെ മോശമായി ചിത്രീകരിയ്ക്കുന്ന രീതി ഭാരതീയസംസ്കൃതിയുടെ ഭാഗമല്ലെന്ന് നമുക്ക് ഇവിടെ കാണാം. യുദ്ധം ചെയ്യാൻ വന്ന പ്രതിയോഗികളുടെ മികവുകളെയാണ് ഇവിടെ ദുര്യോധനൻ പറയുന്നത്. ഇവിടെ ശത്രുപക്ഷത്ത് നിരന്നുനില്ക്കുന്ന യോധാക്കളെല്ലാം ഭീമാർജ്ജുനന്മാരെപ്പോലെ യുദ്ധം ചെയ്യാൻ സാമർത്ഥ്യമുള്ളവരാണ്. പതിനായിരത്തിലധികം യോധാക്കളെ ഒറ്റയ്ക്ക് നേരിടുവാൻ കഴിവുള്ളവരെയാണ് മഹാരഥന്മാർ എന്ന് പറയുന്നത്. കൃഷ്ണന്റെ ഏറ്റവും അടുത്ത സുഹൃത്തായ സാത്യകി എന്ന യുയുധാനനും വിരാടനും ദ്രുപദനും മഹാരഥന്മാരാണ് എന്ന് ദുര്യോധനൻ ഇവിടെ പറയുന്നു.

(തുടരും)



RNI Registration Number – KERMAL/2012/56910

ഞങ്ങളുടെ വെബ്സൈറ്റിൽ
**(www.shripuram.org)**
നിന്നും സൌജന്യമായി ഡൌൺലോഡ്
ചെയ്യാവുന്ന തന്ത്രഗ്രന്ഥങ്ങൾ

**തന്ത്രസമുച്ചയം**
(വിവരണം വിമർശിനി
വ്യാഖ്യാനസഹിതം, ദേവനാഗരി ലിപി)

**തന്ത്രസമുച്ചയം**
(മലയാള വ്യാഖ്യാനം)

**ശേഷസമുച്ചയം**
(വിമർശിനി വ്യാഖ്യാനത്തോട് കൂടിയത്,
ദേവനാഗരി ലിപി)

**കലശചന്ദ്രിക**

Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash